നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

153

ജനുവരി 2010

3.00 ക.




ഭോപ്പാൽ വിഷവാതക ദുരന്തത്തിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടവർ, ആ ദുരന്തത്തിന്റെ 25–ാം വാർഷികത്തിൽ യൂണിയൻ കാർബൈഡ് ഫാക്ടറിക്കുമുന്നിൽ നടത്തിയ പ്രതിഷേധ പ്രകടനം.

# ജ: ദിനകരനെതിരായ കുറ്റപത്രം

**ക**ർണ്ണാടക ചീഫ് ജസ്റ്റീസ് ജ: ദിനകരന്നെതിരായി രാജ്യസഭയിൽ സമർപ്പിക്കാനുദ്ദേശിക്കുന്ന കുറ്റപത്രത്തിന്ന് ജുഡീഷ്യൽ എക്കൗണ്ടബിലിറ്റി ഫോറത്തിലെ അഡ്വ. വൈഗൈ രൂപം നൽകിക്കഴിഞ്ഞു. ഭരണഘടനയിലെ 217-ാം അനുഛേദവും 124-ാം അനുഛേദത്തിലെ 4-ാം വകുപ്പുമനുസരിച്ചുള്ള ഈ കുറ്റപത്രത്തിൽ ഇങ്ങനെ പറയുന്നു.

ജ: പോൾ ഡാനിയൽ ദിനകരൻ എന്നും ജ: പോൾ ഡാനിയൽ ദിനകരൻ പ്രേംകുമാർ എന്നും അറിയപ്പെടുന്ന ആളെ കർണ്ണാടക ചീഫ് ജസ്റ്റീസിന്റെ സ്ഥാനത്തുനിന്നും പുറത്താക്കാൻ, താഴെ പറയുന്ന കാരണങ്ങളാൽ രാഷ്ട്രപതിയോടപേക്ഷിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

അറിയപ്പെടുന്ന വരുമാനമാർഗ്ഗങ്ങളിൽ കവിഞ്ഞ സമ്പത്താർജ്ജിച്ചു; ഹൗസിങ് ബോർഡിൽനിന്ന് തന്റെ ഭാര്യക്കും രണ്ടു പുത്രിമാർക്കുമായി അഞ്ചു പ്ലോട്ടുകൾ നിയമവിരുദ്ധമായി സമ്പാദിച്ചു; ബിനാമി ഇടപാടുകളെ നിരോധിക്കുകയും കുറ്റകരമാക്കുകയും ചെയ്യുന്ന 1988 ലെ നിയമത്തിന്നു വിരുദ്ധമായി ബിനാമി ഇടപാടുകളിൽ ഏർപ്പെട്ടു; 1961 ലെ തമിഴ്നാട് ഭൂപരിധി നിയമത്തിന്റെ പരിധിക്കപ്പുറം കാർഷിക ഭൂമി വാങ്ങി കൈവശം വച്ചു; ദളിതുകൾക്കും ദരിദ്രർക്കും ഉപജീവനമാർഗ്ഗം നിഷേധിച്ചുകൊണ്ട് സർക്കാർ ഭൂമിയും പുറമ്പോക്കും നിയമ വിരുദ്ധമായി കയ്യേറി; ദളിതുകളുടേയും ദരിദ്രരുടേയും മനുഷ്യാവകാശം ധ്വംസിച്ചു; ഔദ്യോഗികമായി അന്വേഷണം നടക്കുന്ന വേളയിൽ തെളിവുകൾ നശിപ്പിച്ചു; സർക്കാർ ജീവനക്കാരനെ ചുമതല നിർവ്വഹിക്കുന്നതിൽനിന്നും തടഞ്ഞു.



ജ: ദിനകരൻ

പ്രശാന്ത് ഭൂഷണന്റെ നേതൃത്വത്തിലുള്ള ജുഡീഷ്യൽ പരിഷ്ക്കരണ കമ്മിറ്റിയും ജുഡീഷ്യൽ എക്കൗണ്ടബിലിറ്റി ഫോറവും ചേർന്ന് ഈ പ്രമേയത്തിന്റെ ഓരോ കോപ്പി കോൺഗ്രസ്സ് പ്രസിഡണ്ട് സോണിയാഗാന്ധിക്കും ബി.ജെ.പി., മാർക്സിസ്റ്റ് പാർട്ടി, ജനതാദൾ എന്നിവയുടെ അധ്യക്ഷന്മാർക്കും അയച്ചിട്ടുണ്ട്.

ജ: ദിനകരിനെ സുപ്രീം കോടതിയിൽ നിയമിക്കാനുള്ള നിർദ്ദേശം തിരസ്കരിച്ചതിന്ന് നന്ദി പറഞ്ഞുകൊണ്ടുള്ളതാണ് സോണിയാഗാന്ധിക്കുള്ള കത്ത്. ഇത്രയെല്ലാമായിട്ടും ജ: ദിനകർ കർണ്ണാടകത്തിൽ ചീഫ് ജസ്റ്റീസായി തുടരുന്നത് ഒരു നാണക്കേടാണെന്ന് സോണിയക്കുള്ള പ്രശാന്ത ഭൂഷണന്റെ കത്തിൽ പറയുന്നു. മറ്റു പല കുറ്റങ്ങൾക്കും പുറമെ കർണ്ണാടകത്തിലെ റെഡ്ഡി സഹോദരന്മാരുടെ ഖനന കുംഭകോണത്തിന്ന് ചൂട്ടുപിടിക്കുന്നതും ജ: ദിനകരാണെന്ന് അതിൽ പറയുന്നു. ❑




ജനനീതി

ജനുവരി 2010

153

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ഈ പോക്കുപോയാൽ നമ്മളെവിടെയാണ് എത്തിച്ചേരുക?

**ഈ**യിടെ മഹാരാഷ്ട്ര നിയമസഭയിൽ സമാജവാദി പാർട്ടിക്കാരനായ അബു അസിം അസ്മി ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്തതിൽ പ്രതിഷേധിച്ച് ശിവസേനയുടെ ഒരു വകഭേദമായ നവനിർമ്മാൺ സേനക്കാർ കയ്യേറ്റം നടത്തുകയുണ്ടായി. അംഗങ്ങളെല്ലാം മറാഠി ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്യണമെന്ന സേനയുടെ ആവശ്യം ധിക്കരിച്ചതിന്നാണ് ഈ കയ്യേറ്റമുണ്ടായത്. ശിവസേനാ നേതാവ് ബാൽ തക്കറെക്ക് ഇഷ്ടപ്പെടാത്ത എന്തോ അബു പറഞ്ഞുവെന്നതിന്റെ പേരിൽ അദ്ദേഹത്തിന്റെ ബിസിനസ്സ് സ്ഥാപനം തല്ലി തകർക്കുകയുമുണ്ടായി. ബാൽ താക്കറെക്കിഷ്ടപ്പെടാത്ത എന്തോ പറഞ്ഞുവെന്നതിന്റെ പേരിൽതന്നെ മുംബായിലേയും പൂനയിലേയും ഐ.ബി.എൻ. ടെലിവിഷൻ ചാനലുകളുടെ ഓഫീസും തല്ലി തകർത്തു.

ഇന്ത്യയിലെ ജനങ്ങൾ ഇതെല്ലാം പൂരം കാണുന്ന കൗതുകത്തോടെ കണ്ടു രസിക്കുന്നു. ആരെല്ലാമോ ആരെയെല്ലാമോ അപലപിച്ചിട്ടുണ്ട്. പ്രശ്നം തീർന്നു. മഹാരാഷ്ട്ര സ്പീക്കർ കയ്യേറ്റക്കാരിൽ നാലുപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. സസ്പെൻഷൻ ഒരു ശിക്ഷയല്ല.

ഇതൊക്കെ മഹാരാഷ്ട്രത്തിൽമാത്രം നടക്കുന്ന കാര്യമല്ല. നമ്മുടെ പാർലിമെന്റിൽ എന്തു സംഭവിക്കുന്നുവെന്നു നോക്കൂ. അർത്ഥവത്തായ ഒരു ചർച്ചപോലും അവിടെ നടക്കുന്നില്ല. എന്തെങ്കിലും കാരണം പറഞ്ഞ് സഭയിലാകെ ബഹളമാകും ഗവർമ്മേണ്ടിന്ന് അതിൽ വേവലാതിയുമില്ല. അതിപ്രധാനമായ ബില്ലുകൾപോലും കൂക്കിവിളിക്കിടയിൽ ശബ്ദവോട്ടിനിട്ട് പാസാക്കിയെടുക്കുന്നു.

രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള കിടമത്സരത്തിന്നിടയിൽ നാം ജനാധിപത്യത്തിന്റെ മൂലക്കല്ലാണ് പൊളിച്ചുകളയുന്നതെന്ന് ആരെങ്കിലും ചിന്തിക്കാറുണ്ടോ?

പാർലിമെന്റിലും നിയമസഭകളിലുമെല്ലാം സ്പീക്കർ എന്നൊരു ബഹുമാന്യ പദവിയുണ്ട്. സഭാനടപടികൾ നിയന്ത്രിക്കേണ്ടത് സ്പീക്കറാണ്. അദ്ദേഹത്തെ അനുസരിക്കാൻ തയ്യാറില്ലാത്തവർക്ക് സഭയിൽ സ്ഥാനമുണ്ടായിക്കൂടാ. നിയമ നിർമ്മാണ സഭകളിൽ അവസാനത്തെ വാക്ക് സ്പീക്കറുടേതാണ്. പക്ഷെ ഇന്ത്യയിലെ നിയമനിർമ്മാണ സഭകളിൽ ഇന്നു നടക്കുന്നതെന്താണ്? സ്പീക്കറെ മൂകസാക്ഷിയായി ഇരുത്തിക്കൊണ്ട് മെമ്പർമാർ സകലവിധ തോന്നിവാസങ്ങളും കാണിക്കുന്നു. നടുത്തളത്തിലിറങ്ങി എന്തെല്ലാം ബഹളങ്ങളാണ് മെമ്പർമാർ ഉണ്ടാക്കുന്നത്. സഭാനടപടികളെ നയിക്കാനോ നിയന്ത്രിക്കാനോ തനിക്കാവില്ലെന്ന ബോധ്യം വന്നിട്ടും സ്പീക്കർമാർ ആ പദവിയിൽ ചടഞ്ഞിരിക്കുന്നതെന്തിനാണ്?

ജനാധിപത്യം ഇന്ത്യയിൽ മാത്രമല്ല ഉള്ളത്. എന്നാൽ മറ്റൊരു രാജ്യത്തിലും നിയമ നിർമ്മാണ സഭകളിൽ അടിപിടി നടക്കാറില്ല. രണ്ടാം ലോക മഹായുദ്ധത്തിന്നുശേഷം സ്വാതന്ത്ര്യം നേടിയ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് ജനാധിപത്യം ഒരു വരദാനമായിരുന്നു. അത് പൊരുതി നേടിയതല്ല. അധ്വാനിച്ചു നേടാത്തതൊന്നും നിലനിൽക്കില്ലെന്ന് നമ്മുടെ അയൽരാജ്യങ്ങളിലെ സ്ഥിതി വ്യക്തമാക്കുന്നു. ഇന്ത്യയിൽ 1967 വരെ ജനാധിപത്യം ഊർജ്ജസ്വലതയോടെതന്നെ നിലനിന്നു. അതിന്നുശേഷമാണ് എങ്ങനെയെങ്കിലും അധികാരത്തിൽ കയറിപ്പറ്റുകയും കയ്യടക്കിയ അധികാരം എങ്ങനേയും നിലനിർത്തുകയും ചെയ്യുന്നതാണ് ജനാധിപത്യമെന്ന ധാരണ പരന്നത്. ഇന്നിവിടെ കമ്യൂണിസ്റ്റുകാരെ ഒഴിച്ചുനിർത്തിയാൽ ഒരൊറ്റ പാർട്ടിയിൽപോലും ജനാധിപത്യമില്ല. രാഷ്ട്രീയ രംഗത്ത് ജനാധിപത്യമില്ലെങ്കിൽ ഭരണരംഗത്തും ജനാധിപത്യമുണ്ടാവില്ല. ഇന്ന് പാർലിമെന്റിലും നിയമസഭകളിലും നടക്കുന്ന പേക്കൂത്തുകൾ ഇതിന്റെ പ്രതിഫലനമാണ്.

എനിക്കുശേഷം പ്രളയം എന്നതാണ് നമ്മുടെ നേതാക്കന്മാരുടെ മനോഭാവം. തന്റെ ഭരണകാലം കഴിയുന്നതുവരെ എങ്ങനെയെങ്കിലും തട്ടിമുട്ടി മുന്നോട്ടു പോകണമെന്നേ ഒരോ നേതാവിന്നും വിചാരമുള്ളൂ. ആരും ഒന്നുമല്ലാതിരുന്ന ശിവസേനക്ക് ഇന്നത്തെ വിശ്വരൂപമുണ്ടാക്കിക്കൊടുത്തത് കോൺഗ്രസ്സാണെന്ന വസ്തുത അധികം പേർക്കൊന്നും ഇന്ന് അറിവുണ്ടാകാനിടയില്ല. പണ്ടിവിടെ ഓരോ പാർട്ടിയിലും കൃത്യമായി തിരഞ്ഞെടുപ്പു നടക്കാറുണ്ടായിരുന്നു. ഈ തിരഞ്ഞെടുപ്പുകളിലൂടെ പുതിയ പുതിയ നേതാക്കന്മാർ രംഗപ്രവേശം ചെയ്യാറുണ്ടായിരുന്നു. കഴിഞ്ഞ പതിനഞ്ചു കൊല്ലത്തിന്നിടയിൽ നമുക്ക് ഒരൊറ്റ നേതാവിനെപ്പോലും രംഗത്തവതരിപ്പിക്കാൻ സാധിക്കാത്തതെന്താണെന്ന് ആരെങ്കിലും ചിന്തിക്കാറുണ്ടോ? ശരിയാണ്, എല്ലാ പാർട്ടികളിലും കോടീശ്വരന്മാർ വളർന്നു വന്നിട്ടുണ്ട്. പക്ഷെ ഈ കോടീശ്വരന്മാർക്ക് പണം വാരിവിതറാതെ വോട്ടു കിട്ടില്ല. കെട്ടിവയ്ക്കാനുള്ള പണംപോലും എരന്നുവാങ്ങേണ്ടിയിരുന്ന പഴയ നേതാക്കന്മാർക്ക് ജനങ്ങളുടെ വോട്ടുകിട്ടാനായി പണം ചെലവാക്കേണ്ടി വരാറില്ല. ഇത്തരക്കാർക്കൊന്നും ഇന്ന് സ്ഥാനമില്ലെന്നായിരിക്കുന്നു. ഏറ്റവും വലിയ അഴിമതിക്കാരന്നേ തിരഞ്ഞെടുപ്പിൽ ജയിക്കാനാവൂ എന്നുവരെ സ്ഥിതിഗതികൾ അധ:പതിച്ചിട്ടുണ്ട്.

നാം ഇനിയും ഈ വഴിക്ക് മുന്നോട്ടു പോകണോ? അതോ രാഷ്ട്രീയ സംവിധാനം ശുദ്ധീകരിക്കണോ? ജനാധിപത്യ ➡ പരമായി പെരുമാറാനും പ്രവർത്തിക്കാനും യുവതലമുറയെയെങ്കിലും നാം പഠിപ്പിക്കേണ്ടതല്ലേ? രാഷ്ട്രീയ കക്ഷികളാണ് ഈ ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടത്. മാവോയിസ്റ്റുകളെ അടിച്ചമർത്താൻ പട്ടാളത്തെ കൊണ്ടുവരുന്നതിന്നുമുമ്പ് ജനാധിപത്യ ധ്വംസനാത്മകമായ സ്വന്തം പ്രവർത്തനങ്ങളെ തിരുത്താൻ നമ്മുടെ നേതാക്കന്മാർ തയ്യാറാകുമോ? ജനാധിപത്യ ധ്വംസനാത്മകമായ പ്രവർത്തനങ്ങളാണ് എല്ലാ തീവ്രവാദങ്ങൾക്കും കാരണമാകുന്നതെന്നോർക്കുക. ജനാധിപത്യം നിലനിൽക്കുന്നിടത്ത് തീവ്രവാദം അപ്രസക്തമാകുന്നു. ❑

# ഈ പത്രപ്രവർത്തന വിദ്യ സി.ബി.ഐ. അന്വേഷിക്കണം

“ഓജസ്സുള്ള യുവനേതൃത്വം: അശോകറാവു ചവാൻ” – പ്രമുഖ മറാഠി പത്രമായ ലോക്മാതിന്റെ ഒക്ടോബർ 10ലെ പ്രധാന വാർത്തയുടെ തലക്കെട്ടായിരുന്നു ഇത്. മഹാരാഷ്ട്രത്തിലെ ജനങ്ങൾ പുതിയൊരു നിയമസഭയെ തിരഞ്ഞെടുക്കാൻ പോളിങ് ബൂത്തിലെത്തുന്നതിന്ന് 72 മണിക്കൂർ മുമ്പാണ് ഈ “വാർത്ത”വന്നത്. പത്രത്തിന്റെ “പ്രത്യേക ലേഖകൻ” എഴുതി തയ്യാറാക്കിയതാണ് ഈ വാർത്തയെന്ന് പത്രത്തിൽ ചേർത്തിട്ടുണ്ട്. മഹാരാഷ്ട്ര മുഖ്യമന്ത്രിയെ പ്രശംസകൊണ്ട് പുഷ്പാഭിഷേകം നടത്തുന്ന ഒന്നായിരുന്നു ഈ വാർത്ത. ഇത്ര കുറച്ചു കാലംകൊണ്ട് ഇത്രയേറെ പേർക്ക് ഇത്രയേറെ നേട്ടങ്ങൾ കൈവരുത്തിയ മുഖ്യമന്ത്രിയെ അതിൽ പ്രകീർത്തിക്കുന്നു.

പക്ഷെ അന്നേ ദിവസംതന്നെ, ഇതേ “വാർത്ത”, വള്ളിപുള്ളി വ്യത്യാസമില്ലാതെ മറ്റൊരു പ്രമുഖ പത്രമായ മഹാരാഷ്ട്ര ടൈംസിലും വന്നു. അതുംപോരാ, ഇതേ വാർത്ത, വള്ളിപുള്ളി വിടാതെ മറ്റൊരു മറാഠി പത്രമായ “പൂധാരി”യിൽ ഒക്ടോബർ 7ന്ന് വന്നിരുന്നു. തലക്കെട്ടിൽ മാത്രമേ ഒരു വ്യത്യാസമുണ്ടായിരുന്നുള്ളു; അതിന്നും പുറമെ വാർത്തയുടെ അടിയിൽ ഒരു ലേഖകന്റെ പേരും വച്ചിരുന്നു.

മഹാരാഷ്ട്ര ടൈംസിൽ വന്ന വാർത്തക്ക് നാഥനേയില്ലായിരുന്നു. എന്നാൽ അത് പരസ്യമാണെന്ന് ഒരിടത്തും പറഞ്ഞിട്ടുമില്ല. അപ്പോൾ ഒരേ വാർത്ത വള്ളിപുള്ളി വിടാതെ, പരസ്പരം മത്സരിക്കുന്ന മൂന്നു പത്രങ്ങളിൽ പ്രത്യക്ഷപ്പെടുക എന്നത് അസാധാരണമല്ലേ?

ഹിന്ദു ലേഖകനായ പി. സായിനാഥ് പെട്ടെന്നു നടത്തിയ ഒരു തിരച്ചിലിൽ ഇത്തരത്തിലുള്ള 47 ഫുൾപേജ് “വാർത്തകൾ” കണ്ടെത്തുകയുണ്ടായി. അതിൽ പലതും ബഹുവർണ ചിത്രങ്ങളോടു കൂടിയതായിരുന്നു.

ഈ വിദ്യ ആരംഭിച്ചതു സെപ്തംബർ 12ന്നാണ്. അന്ന് നാലു പേജുള്ള ഒരു സപ്ലിമെന്റ് “അശോകപർവ്വം” എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് ഒക്ടോബറിൽ പോളിങ് ദിവസമായ 13-ാം തിയ്യതിവരെ ഏതാണ്ടെല്ലാ ദിവസവും ഒരു “ഫുൾപേജ് വാർത്ത” പ്രസിദ്ധീകരിച്ചിരുന്നു. പക്ഷെ ഇതിന്റെ തലക്കെട്ട് വികാസപർവ്വം എന്നായിരുന്നു. വികാസപർവ്വത്തിലും നായകൻ ചവാൻതന്നെ. കോൺഗ്രസ് ഭരണത്തിൽ മഹാരാഷ്ട്രത്തിന്നുണ്ടായ നേട്ടവും വികാസ് പർവ്വത്തിൽ വരാറുണ്ട്.

ഈ വാർത്താ പ്രളയം ചവാന്ന് ഗംഭീര

വിജയം നേടിക്കൊടുത്തു. നന്ദേദ് ജില്ലയിലെ ഭോക്കർ സീറ്റിൽ എതിരാളിയായ സ്വതന്ത്രൻ കിനാൽക്കർക്ക് 13346 വോട്ടുമാത്രം ലഭിച്ചപ്പോൾ ചവാന്ന് 120849 വോട്ടുകിട്ടി. ലക്ഷത്തിൽപരം വരുന്ന ഭൂരിപക്ഷം.

തിരഞ്ഞെടുപ്പു പ്രചരണകാലത്ത് ചവാന്നു ലഭിച്ച വമ്പിച്ച പ്രസിദ്ധീകരണം അക്ഷരാർത്ഥത്തിൽ പരസ്യമല്ല. ഈ "ഫുൾ പേജ് വാർത്ത"കളുടെ ചുവട്ടിലെങ്ങും "പരസ്യം" എന്നു ചേർത്തിട്ടില്ല. ചവാന്റെ തിരഞ്ഞെടുപ്പു ചെലവു സംബന്ധിച്ച ദൈനംദിന കണക്കുകളിൽ ഒരിടത്തും വലിയ പരസ്യച്ചെലവ് കാണാനില്ല. തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ച് 30 ദിവസത്തിന്നകം സ്ഥാനാർത്ഥികൾ അവരുടെ തിരഞ്ഞെടുപ്പു ചെലവിന്റെ കണക്കു സമർപ്പിക്കണമെന്നാണ് നിയമം. വിവരാവകാശ നിയമപ്രകാരം ഗവർമ്മേണ്ടിൽനിന്നും ശേഖരിച്ച കണക്കിൽ ചവാന്റെ പരസ്യച്ചെലവ് 11379 ക. മാത്രമാണ്. വാസ്തവത്തിൽ ഏതോ പത്രത്തിൽ വന്നത് ആറു പരസ്യങ്ങളാണ്. ഇതിന്റെ ചെലവ് 5379 ക. മാത്രമാണ്(ബാക്കി ടെലിവിഷൻ ചാനൽ വകയാണ്). നന്ദേദ് ജില്ലയിലെ ഒരു കൊച്ചു പത്രമായ "സത്യപ്രഭ"യിലാണ് ചവാന്റെ ആറു പരസ്യങ്ങളും വന്നിരിക്കുന്നത്.

എന്നാൽ വാർത്ത എന്ന വ്യാജേന പത്രങ്ങളിൽ കൊടുത്ത ഫുൾ പേജ് പരസ്യങ്ങൾക്ക് ചാർജ് കണക്കാക്കുന്ന പക്ഷം, പരസ്യച്ചെലവ് കോടിക്കണക്കിന്നു രൂപവരും.

ലോകമാത് മറാഠിയിലെ പ്രമുഖ പത്രമാണ്. ഇന്ത്യയിൽ പത്രപ്രചാരത്തിൽ നാലാംസ്ഥാനം ലോകമാതിന്നാണ്; മറാഠിയിലാകട്ടെ ഒന്നാം സ്ഥാനവുമുണ്ട് ലോക്മാതിന്ന്. ഒരു കോടിയിലേറെ വായനക്കാരുണ്ടെന്നാണ് 2006ലെ പത്രവായനാ സർവ്വേയിൽ പറയുന്നത്. മഹാരാഷ്ട്ര ടൈംസും മോശമൊന്നുമല്ല. അതിന്നുമുണ്ട് ലക്ഷക്കണക്കിന്ന് വായനക്കാർ. ഇന്ത്യയിലെ ഏറ്റവും വലിയ പത്രശൃംഖലയുടെ ഭാഗമാണത്.

(സായിനാഥിന്റെ അന്വേഷണത്തിൽ ഇത്തരം ഫുൾപേജ് വാർത്തകൾ വേറേയും പലതുമുണ്ടെന്നു കണ്ടിട്ടുണ്ട്. അതൊക്കെ ശേഖരിച്ചു വച്ചിരിക്കുകയാണ്. അവ വിശകലനം ചെയ്യാൻ സമയം കുറെ വേണ്ടിവരും)

ലോകമാതിന്ന് 13 എഡിഷൻ ഉണ്ട്. 13 എഡിഷനിലും നാല് പേജ് കളർപരസ്യം കൊടുക്കണമെങ്കിൽ ഒന്നര കോടി രൂപക്കും രണ്ടു കോടി രൂപക്കും ഇടക്കുള്ള ഒരു സംഖ്യ വേണ്ടിവരും. ചിലപ്പോൾ പത്രക്കാരും പരസ്യക്കാരും തമ്മിൽ കച്ചവടമുറപ്പിച്ചുവെന്നും വരാം. അപ്പോൾ നിരക്കുകുറയും. ലോക്മാത് പത്രം നടത്തുന്ന കുടുംബത്തിലെ ഒരംഗമാണ് കോൺഗ്രസ് എം.എൽ.എ. യായ രാജേന്ദ്ര ദർദ. ഇദ്ദേഹത്തിന്ന് ചവാന്റെ മന്ത്രിസഭയിൽ ക്യാബിനറ്റ് പദവി നൽകിയിട്ടുണ്ട്. ദർദയുടെ വെബ്സൈറ്റ് പ്രകാരം അദ്ദേഹം പത്രത്തിന്റെ വൈസ് ചെയർമാനും ജോയിന്റ് മാനേജിങ് ഡയറക്ടറുമാണ്. കഴിഞ്ഞ 35 കൊല്ലമായുള്ള ലോകമാതിന്റെ വിജയത്തിന്റെ പ്രധാന ശില്പി ദർദയാണെന്നും അനിൽ പറയുന്നുണ്ട്.

പരസ്യങ്ങൾ വാർത്താരൂപത്തിൽ നൽകി പണം സമ്പാദിക്കുന്ന ഈ പ്രവണതയിൽ മറാഠി പത്രപ്രവർത്തന രംഗത്തെ ഒരതികായനായ ഗോവിന്ദ് താൽവർക്കർ ഉൽക്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത് അമേരിക്കയിൽ താമസമാക്കിയിരിക്കുന്ന താൽവൽക്കർ അയച്ചിരിക്കുന്ന ഒരു കത്തിൽ സി.ബി.ഐ.യുടെ അന്വേഷണത്തിന്നു വിടേണ്ട ഒരു കേസാണിതെന്നു പറയുന്നു. തന്റെ ദീർഘ കാലത്തെ പത്രപ്രവർത്തന ചരിത്രത്തിൽ ഒരിക്കലും പത്രപ്രവർത്തനം ഇത്രമാത്രം അധഃപതിച്ചുകണ്ടിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. അമ്പതു കൊല്ലത്തെ പത്രപ്രവർത്തന പാരമ്പര്യമുള്ള ആളാണ് താൽവൽക്കർ. അതിൽ 27 കൊല്ലവും മഹാരാഷ്ട്ര ടൈംസിന്റെ എഡിറ്ററായിട്ടായിരുന്നു.

തിരഞ്ഞെടുപ്പു പ്രചരണരംഗത്തെ ഈ പുതിയ പ്രവണതയെ എങ്ങനെ കൈകാര്യം ചെയ്യാം. എലക്ഷൻ കമ്മീഷന്റെ അധികാരങ്ങൾ വിപുലമാണ്. പക്ഷെ ഫലപ്രഖ്യാപനം കഴിഞ്ഞാൽ പിന്നെ എലക്ഷൻ കമ്മീഷന്ന് ഒന്നും ചെയ്യാനാവില്ല. എന്നാൽ തിരഞ്ഞെടുപ്പു പ്രചരണ വേളയിൽ അവർക്ക് അല്പംകൂടി ശ്രദ്ധിക്കാൻ കഴിയും. സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന കണക്കുകളിൽ മിക്കതും കള്ളക്കണക്കാണെന്ന് എലക്ഷൻ കമ്മീഷന്ന് അറിയാം.

2009ലെ ലോകസഭാ തിരഞ്ഞെടുപ്പുകാലത്തും വിവധ നിയമസഭകളിലേക്ക് നടന്ന തിരഞ്ഞെടുപ്പുകളിലും മാധ്യമങ്ങളെ എങ്ങനെ ദുരുപയോഗപ്പെടുത്തിയെന്നതിനെക്കുറിച്ച് എലക്ഷൻ കമ്മീഷന്ന് ഒരു പഠനം നടത്താവുന്നതേയുള്ളൂ; അല്ലെങ്കിൽ ഒരു ശില്പശാല നടത്താം.

എന്നാൽ നമ്മുടെ തിരഞ്ഞെടുപ്പു നിയമപ്രകാരം ഒരാളുടെ തിരഞ്ഞെടുപ്പിനെ കോടതിയിൽ മാത്രമേ ചോദ്യം ചെയ്യാൻ കഴിയൂ. അതു തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച് 45 ദിവസത്തിന്നകം ഏതെങ്കിലും സ്ഥാനാർത്ഥിയോ വോട്ടറോ സമർപ്പിക്കുന്ന ഹരജിയനുസരിച്ചാകണം. തിരഞ്ഞെടുപ്പു നിയമത്തിലെ 123(6) വകുപ്പനുസരിച്ച് അംഗീകൃത പരിധിയിലേറെ പണം തിരഞ്ഞെടുപ്പു പ്രചരണത്തിന്ന് ചെലവാക്കിയാൽ അത് അഴിമതിയാണ്. അഴിമതി കാണിച്ചവരുടെ തിരഞ്ഞെടുപ്പ് അസാധുവാകും. അങ്ങനെ ആരെങ്കിലും ഹരജി സമർപ്പിക്കുന്ന പക്ഷം മുഖ്യമന്ത്രി ചവാന്റെ സ്ഥിതി മാത്രമല്ല, പല പത്രങ്ങളുടേയും ടെലിവിഷൻ ചാനലുകളുടേയും സ്ഥിതിയും പരിതാപകരമാകും.

മഹാരാഷ്ട്രത്തിലെ പത്രങ്ങളിൽവന്ന ചവാൻ സ്തുതിയെല്ലാം പരസ്യമാണെങ്കിൽ ചവാൻ കുടുങ്ങും. ഇതൊന്നും താൻ ചെയ്തതല്ലെന്നും തന്റെ അനുയായികൾ ചെയ്തതാണെന്നും പറഞ്ഞാൽ ഫലിക്കില്ല. ഒരു സ്ഥാനാർത്ഥിക്ക് ചെലവാക്കാവുന്ന പരമാവധി തുക പത്തു ലക്ഷമാണെന്നു വ്യവസ്ഥയുണ്ട്. പരസ്യത്തിന്നുള്ള പണം ആരു നൽകിയെന്നും ആർക്കു നൽകിയെന്നും എത്ര നൽകിയെന്നും ബോധിപ്പിക്കേണ്ടതുണ്ട്.

പത്രങ്ങളിൽ വന്നത് പരസ്യമാണെങ്കിൽ, ചവാൻ മാത്രമല്ല മറ്റു പലരും തിരഞ്ഞെടുപ്പു ചെലവിന്റെ പരിധി ലംഘിച്ചതായി വരും. ഇതൊന്നും പരസ്യമല്ലായിരുന്നുവെങ്കിൽ, കാശുവാങ്ങി വാർത്ത കൊടുത്തതാണെന്നു വരും. കാശുവാങ്ങി വാർത്ത കൊടുക്കുന്നത് ഇന്ത്യൻ പത്രലോകത്തിൽ വേരുറച്ച ഒരു പ്രതിഭാസമാണ്. വാർത്തപോലെ പ്രസിദ്ധീകരിക്കുന്ന ചില പരസ്യങ്ങളുണ്ട്. എന്നാൽ അവയ്ക്കടിയിൽ പരസ്യം എന്നു ചേർക്കണമെന്നാണ് വ്യവസ്ഥ. പത്രക്കാരും പത്രപ്രവർത്തകരും ഇതിന്നു സമാധാനം പറയണം. ഒരു പരസ്യം വാർത്തപോലെ പ്രസിദ്ധീകരിക്കുമ്പോൾ പത്രക്കാർ വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇനി പരസ്യമായിരുന്നുവെങ്കിൽ പരസ്യക്കാർക്ക് ബിൽ നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ നിയമ വിരുദ്ധമായ സാമ്പത്തിക ഇടപാടുകൾ നടന്നുവെന്നുവരും. ഇത് നികുതി വെട്ടിക്കലാണ്. പത്തോ നൂറോ രൂപയല്ല കോടിക്കണക്കിന്നു രൂപയുടെ നികുതി വെട്ടിപ്പാണിത്. ഇനി കാശുവാങ്ങി കൊടുത്ത വാർത്തയാണെങ്കിൽ പത്രക്കാരും രാഷ്ട്രീയക്കാരും കുറ്റക്കാരാണെന്നുവരും. ജനാധിപത്യ പ്രക്രിയക്ക് വരുത്തിത്തീർത്ത വിനാശത്തിന്ന് ഇവർ സമാധാനം പറയണം. (ഹിന്ദുവിൽനിന്ന് സംഗ്രഹിച്ചത്) ❑

# എത്രയെത്ര കമ്മീഷൻ! പ്രയോജനം പരിമിതം

- ഹെൻട്രി തിഫാനെ -

കാശ്മീരിൽ പോലീസിന്റെ കസ്റ്റഡിയിലിരിക്കെ മരിച്ച ഒരാളുടെ ബന്ധുക്കൾക്ക് അഞ്ചു ലക്ഷം രൂപ ആശ്വാസധനമായി നൽകാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ കല്പിച്ചു.

യു.പി.യിൽ പോലീസ് വെടിവെപ്പിൽ മരിച്ച ഒരാളുടെ ബന്ധുക്കൾക്കും കമ്മീഷൻ 5 ലക്ഷം ക. വിധിച്ചു.

യു.പി.യിൽ കൃത്രിമ സംഘട്ടനത്തിൽ കൊല്ലപ്പെട്ട ഒരാളുടെ ബന്ധുക്കൾക്ക് ആറു ലക്ഷം നൽകാനും കമ്മീഷൻ വിധിച്ചു.

ദേശീയ മനുഷ്യാവകാശ കമ്മീഷനിൽനിന്ന് ഈയിടെയുണ്ടായ കല്പനകളുടെ ചില മാതൃകകളാണിവ.

1993ൽ പാസ്സാക്കിയ ഒരു നിയമപ്രകാരം നിലവിൽവന്നതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. ഇതിന്നുപുറമെ മനുഷ്യാവകാശ സംബന്ധിയായ ഒട്ടേറെ നിയമങ്ങളും അവയനുസരിച്ചെല്ലാം കമ്മീഷനുകളും രൂപീകരിച്ചിട്ടുണ്ട്. വനിതാ കമ്മീഷൻ (1990), ന്യൂനപക്ഷ കമ്മീഷൻ (1992), പട്ടികജാതി കമ്മീഷൻ (2004), പട്ടികവർഗ്ഗ കമ്മീഷൻ (2004), സഫായി കർമ്മാചാരി കമ്മീഷൻ, കുട്ടികളുടെ അവകാശ സംരക്ഷണത്തിന്നുള്ള കമ്മീഷൻ (2005), ഇൻഫർമേഷൻ കമ്മീഷൻ (2005), വികലാംഗ കമ്മീഷൻ (1995) എന്നിവയാണവ.

ദേശീയതലത്തിലുള്ള ഈ കമ്മീഷനുകൾക്കുപുറമെ സംസ്ഥാന തലത്തിൽ 18 മനുഷ്യാവകാശ കമ്മീഷനുകളും 34 വനിതാ കമ്മീഷനുകളും 15 ന്യൂനപക്ഷ കമ്മീഷനുകളും 24 ഇൻഫർമേഷൻ കമ്മീഷനുകളും പട്ടികജാതി കമ്മീഷന്റെ 12 സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സുകളും വികലാംഗർക്കായി 35 സംസ്ഥാന കമ്മീഷണർമാരും പട്ടികവർഗ്ഗ കമ്മീഷന്റെ ആറു സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സുകളും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്നായി മൂന്നു സംസ്ഥാന കമ്മീഷനുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

അതായത് ഇന്ത്യയിൽ കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലുമായി നിയമാധിഷ്ഠിതമായ നൂറ്റമ്പതിൽപരം മനുഷ്യാവകാശ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ഇവയെല്ലാം ഒറ്റയ്ക്കും കൂട്ടായും മനുഷ്യാവകാശ സംരക്ഷണത്തിന്നും മൗലിക സ്വാതന്ത്ര്യ സംരക്ഷണത്തിന്നുമുള്ളതാകയാൽ അന്താരാഷ്ട്ര സംഘടനകൾ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പുറത്തുള്ള വിവിധ സ്ഥാപനങ്ങൾ എന്തു ചെയ്യുന്നു, അവയുടെ പ്രവർത്തനശേഷി എത്രയുണ്ട് എന്നെല്ലാം ചിന്തിക്കേണ്ടതുണ്ട്. എണ്ണമറ്റ ഈ മനുഷ്യാവകാശ സ്ഥാപനങ്ങളുടെ സഹകരണത്തിന്നും പങ്കാളിത്തത്തിന്നും ഉറപ്പുവരുത്തേണ്ട ബാധ്യത ദേശീയ മനുഷ്യാവകാശ കമ്മീഷന്നും ജനീവയിലെ മനുഷ്യാവകാശ ഹൈക്കമ്മീഷണർക്കുമുണ്ട്.

ഈ സംഘടനകളുടെ പ്രവർത്തനത്തെ വിലയിരുത്താനുള്ള ഏറ്റവും നല്ല മാർഗ്ഗം ജനങ്ങൾക്കെന്തു പറയാനുണ്ടെന്ന് അന്വേഷിക്കുകയാണ്. മനുഷ്യാവകാശ ധ്വംസനത്തിന്ന് ഇരയായവർ ഈ സംഘടനകളുടെ സഹായം തേടുന്നുണ്ട്. എന്നിട്ടെന്തുണ്ടായി?

2003 മേയ് 22ന്ന് തമിഴ് നാട്ടിലെ ഒമ്പതുപേർ തമിഴ്നാട് മനുഷ്യാവകാശ കമ്മീഷനെ പരാതിയുമായി സമീപിച്ചു. തങ്ങളെ പോലീസ് ദ്രോഹിക്കുന്നുവെന്നായിരുന്നു അവരുടെ പരാതി. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇതിനെ പറ്റി അന്വേഷിക്കാൻ സ്വന്തം അന്വേഷണ സംഘത്തെ നിയോഗിച്ചു. ഈ അന്വേഷണംതന്നെ മാസങ്ങളോളം നീണ്ടുനിന്നു. അതെല്ലാം കഴിഞ്ഞ് കമ്മീഷൻ തെളിവെടുക്കാനാരംഭിച്ചു. ഇതിന്നുതന്നെ നാലു കൊല്ലം വേണ്ടിവന്നു. പീഡനത്തിന്നിരയായ ഒമ്പതു പേർക്കു പുറമെ വേറെ ആറു സാക്ഷികളിൽനിന്നും തെളിവെടുത്തു. അഞ്ചു ഡോക്ടർമാരേയും സാക്ഷികളാക്കിയിരുന്നു.

ഇത്രയും കഴിഞ്ഞ ശേഷമാണ് പ്രതികളായ പോലീസുകാരിൽനിന്ന് തെളിവെടുക്കാനാരംഭിച്ചത്. പോലീസുകാർ നേരിട്ട് പരാതിക്കാരെ കണ്ട് “ഒത്തുതീർപ്പുണ്ടാക്കാൻ” ശ്രമിച്ചു. പോലീസിന്റെ അതിക്രമങ്ങൾക്കിരയായ ഒമ്പതു പാവങ്ങൾക്ക് ഇത്ര കാലവും സൗജന്യമായി നിയമ സഹായം നൽകിക്കൊണ്ടിരുന്നത് ഒരു സന്നദ്ധ സംഘടനയാണ്. പോലീസ് നടത്തുന്ന ഒത്തുതീർപ്പു ശ്രമങ്ങളെക്കുറിച്ച് അറിഞ്ഞ സന്നദ്ധ സംഘടനാ പ്രവർത്തകർ പരാതിക്കാരെ കണുകയും ഒത്തുതീർപ്പിനൊന്നും പോകാതെ അല്പംകൂടി ക്ഷമിക്കാൻ ഉപദേശിക്കുകയും ചെയ്തു. നാല്പതു ലക്ഷം രൂപ നൽകി കേസവസാനിപ്പിക്കാമെന്നായിരുന്നു പോലീസിന്റെ വാഗ്ദാനം.

പരാതിക്കാരെ ഭീഷണിപ്പെടുത്തി ഒത്തുതീർപ്പിന്നു നിർബ്ബന്ധിക്കുന്നുവെന്നും ഇതേപറ്റി ഒരന്വേഷണം നടത്തണമെന്നും സന്നദ്ധ സംഘടന സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻമുമ്പാകെ പരാതിപ്പെട്ടു. പക്ഷെ കമ്മീഷൻ ഒന്നും ചെയ്തില്ല. പോലീസിന്റെ പീഡനത്തിന്നിരയായവർ പുതിയൊരു വക്കീലിനെവച്ച് ആറുകൊല്ലം മുമ്പു സമർപ്പിച്ച പരാതി പിൻവലിച്ചു. കമ്മീഷൻ സന്തോഷപൂർവ്വം അതിന്നു അനുമതിയും നൽകി.

ഇതാണോ മനുഷ്യാവകാശ കമ്മീഷന്റെ നീതി നിർവ്വഹണ രീതി? ഇതിലാരാണ് കുറ്റക്കാർ? കമ്മീഷൻ മുമ്പാകെ വന്ന ലഘുവായൊരു പ്രശ്നം ആറുകൊല്ലം വലിച്ചിഴച്ച് കമ്മീഷന്റെ പുറത്തുവച്ച് ഒത്തുതീർപ്പുണ്ടാക്കിയ കമ്മീഷനാണോ? അതോ പീഡനത്തിന്നിരയായ പാവങ്ങളെ ഭീഷണിപ്പെടുത്തി പരാതി പിൻവലിപ്പിച്ച പോലീസുകാരാണോ?

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇടക്ക് ചില ഗംഭീര കല്പനകൾ പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ദൽഹിയിൽ നിന്നിറങ്ങി വിവിധ സംസ്ഥാനങ്ങളിലൂടെ ഒന്നു സഞ്ചരിച്ചാൽ മേൽ വിവരിച്ചതുപോലെയുള്ള കേസുകൾ എത്ര വേണമെങ്കിലും കാണാം. ഇത്തരം കമ്മീഷനുകളെ നിയമിക്കുന്നതിന്റെ പ്രധാന ഉദ്ദേശംതന്നെ സത്വരനടപടി വേണമെന്നതാണ്. പക്ഷെ ഒന്നും സംഭവിക്കുന്നില്ല. ഓരോ കമ്മീഷനിലും പരാതികൾ കെട്ടുകണക്കിന്ന് അനക്കാതെ വച്ചിരിക്കുകയാണ്.

അമൃതസരസ്സിൽ ഒരു റിക്ഷക്കാരനെ തല്ലിക്കൊന്നതു സംബന്ധിച്ച് 2003 ജൂലായ് 2ന്നു സമർപ്പിച്ച ഒരു പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ 2009 ആഗസ്ത് 21ന്ന് കല്പനയായി – ആറു കൊല്ലത്തിന്നുശേഷം.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽവന്ന് നീണ്ട 16 കൊല്ലങ്ങൾ കഴിഞ്ഞ ഇന്ന് പിൻതിരിഞ്ഞു നോക്കുമ്പോൾ പല ചോദ്യങ്ങളും ഉത്തരമില്ലാതെ അവശേഷിക്കുന്നു –

# ഒരു ഭീകര നിയമവും നേതാക്കന്മാരുടെ ഇരട്ടനാക്കും

സായുധസേനാ പ്രത്യേകാധികാര നിയമം എന്നൊരു നിയമം ഇന്ന് കാശ്മീരിലും പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലും വലിയ വിവാദ വിഷയമായിരിക്കുകയാണ്. ഇതൊരു ഭീകര നിയമമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ ഇതൊരു പുതിയ നിയമമൊന്നുമല്ല. 1956ൽ പാസാക്കിയ നിയമമാണ്.

എന്താണീ നിയമം? സായുധസേനയെ സാധാരണ സിവിൽ-ക്രിമിനൽ നിയമങ്ങൾക്ക് അതീതമാക്കുന്നതാണ് ഈ നിയമം. അതായത് പട്ടാളക്കാർ എന്തെങ്കിലും അക്രമം കാണിച്ചാലും അവരെ പ്രോസിക്യൂട്ട് ചെയ്യാൻ പറ്റില്ല. ഇത്തരമൊരു രക്ഷാകവചമുള്ളപ്പോൾ പല പട്ടാളക്കാർക്കും തോന്നിവാസങ്ങൾ കാണിക്കാൻ ധൈര്യം തോന്നുമെന്നത് വാസ്തവമാണ്. അതുകൊണ്ടുതന്നെ ഈ നിയമം റദ്ദാക്കണമെന്ന് ജനങ്ങൾ മുറവിളി കൂട്ടുന്നു. ഇവിടെ കേന്ദ്രഗവർമ്മേണ്ട് വല്ലാത്തൊരു ധർമ്മസങ്കടത്തെയാണ് നേരിടുന്നത്.

ജനങ്ങളുടെ ആവശ്യം മുൻനിർത്തി ഈ നിയമം പിൻവലിക്കുന്നുവെന്നു കരുതുക. പോലീസുകാർ നാനാവിധ കുറ്റങ്ങൾ ആരോപിച്ച് പട്ടാളക്കാർക്കെതിരെ കേസുകൾ ചാർജ് ചെയ്യും. കാശ്മീരിലേയും പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലേയും പോലീസുകാരിൽ നല്ലൊരു ഭാഗം തീവ്രവാദികളുടെ സ്വാധീനത്തിന്നു വിധേയമാണെന്ന് ഓർക്കുക. അവർ പോലീസിനെ കരുവാക്കി പട്ടാളക്കാർക്കെതിരെ കേസ് ചാർജ് ചെയ്യും.

കേന്ദ്രഗവർമ്മേണ്ടിന്നോ സായുധസേനക്കോ ഈ പ്രത്യേകാധികാര നിയമം നിലനിർത്തണമെന്നതിൽ താൽപര്യമൊന്നുമില്ല. വാസ്തവത്തിൽ ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ സംസ്ഥാനങ്ങൾക്ക് തന്നെയാണ്. ഒരു പ്രദേശം “അസ്വസ്ഥ പ്രദേശ”മാക്കിക്കൊണ്ട് സംസ്ഥാന ഗവർമ്മേണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചാലേ സായുധ സേനയെ അയച്ചുകൊടുക്കൂ. ഈ വിജ്ഞാപനം പുതുക്കിക്കൊണ്ടിരിക്കണം. പുതുക്കാത്തപക്ഷം സായുധസേന രംഗം വിടും. അതായത്, സായുധ സേനയുടെ സേവനം വേണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് സംസ്ഥാനങ്ങൾ തന്നെയാണ്. സായുധ സേനയുടെ സേവനം വേണമെങ്കിൽ, അവർക്ക് സംരക്ഷണം നൽകുന്ന പ്രത്യേകാധികാര നിയമവും വേണ്ടിവരും. അതില്ലെങ്കിൽ, തീവ്രവാദികളുടെ സ്വാധീനത്തിന്ന് വശംവദരാകുന്ന പോലീസുകാർ സൈന്യത്തിന്നെതിരെ നാനാവിധ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. നാട്ടിൻപുറങ്ങളിൽ പാവങ്ങൾക്കെതിരെ കള്ളക്കേസുകൾ ചാർജ് ചെയ്യുന്നത് സർവ്വസാധാരണമാണല്ലൊ.

പാർലിമെന്റ് മന്ദിരത്തിന്നുനേരെ ഭീകരാക്രമണമുണ്ടായതിനെത്തുടർന്ന് ഇന്ത്യാ-പാക് ബന്ധം ആകെ വഷളാവുകയുണ്ടായി. ഇന്ത്യൻ സൈന്യം രണ്ടും കല്പിച്ച് പാക് അതിർത്തിയിലേക്ക് നീങ്ങി. ഈ അവസരത്തിൽ പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലെ സൈന്യത്തേയും പാക് അതിർത്തിയിലേക്ക് നീക്കുകയുണ്ടായി. ഈ ഘട്ടത്തിൽ പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലെ നേതാക്കന്മാർ - ഭരണപക്ഷക്കാരും പ്രതിപക്ഷക്കാരും - സൈന്യത്തെ ഉടനെ തിരിച്ചയക്കണമെന്ന് കേന്ദ്രഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടു.

രാജ്യത്തിന്റെ അതിർത്തി രക്ഷിക്കാനുള്ളതാണ് സൈന്യം. രാജ്യത്തിലെ ആഭ്യന്തര ക്രമസമാധാന പാലനത്തിന്നുള്ളതാണ് പോലീസ്. രണ്ടിന്റേയും സേവനരീതികൾ തികച്ചും വ്യത്യസ്തമാണ്. പട്ടാളം പരമാവധി കരുത്ത് ഉപയോഗിക്കും; അവർ വെടി വയ്ക്കുന്നത് കൊല്ലാനാണ്. പോലീസിന്റെ കഥ മറിച്ചാണ്. ഏറ്റവും കുറഞ്ഞ ബലമേ പോലീസ് ഉപയോഗിക്കാവൂ. അതുകൊണ്ടാണ് അവർക്ക് ലാത്തി നൽകുന്നത്. തോക്ക് ഉപയോഗിക്കേണ്ട സാഹചര്യം വന്നാൽതന്നെ മുട്ടിന്നുതാഴെ മാത്രമേ വെടിവയ്ക്കാവൂ. അതുപോലും അവസാന കയ്യായി ചെയ്യുന്നതാണ്.

കൊല്ലാനായി മാത്രം വെടിവച്ചു ശീലച്ചിട്ടുള്ള സൈന്യത്തെ ആഭ്യന്തര ക്രമസമാധാന പാലനത്തിന്ന് നിയോഗിക്കാവുന്നതല്ല. സൈന്യത്തിന്റെ സേവനം ക്ഷണിച്ചുവരുത്തുന്നവർ അതിന്റെ അനന്തരഫലം അനുഭവിക്കാനും തയ്യാറാകണം.

ഗോത്രവർഗ്ഗക്കാർ തമ്മിലുള്ള ശണ്ഠകളാണ് പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രശ്നം. ഭാവനാപൂർണ്ണമായ സമീപനത്തിലൂടെ മാത്രമേ ഇതിന്ന് പരിഹാരം കാണാനാകൂ. സൈന്യത്തിനൊരിക്കലും ഗോത്രവർഗ്ഗപ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. ബർമ്മ ഒരു ഉദാഹരണമാണ്. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ ബർമ്മയിൽ ദീർഘകാലമായി ഭരണം നടത്തുന്നതുതന്നെ പട്ടാളമാണ്. എന്നാൽ ഗോത്രവർഗ്ഗക്കാരെ നേർവഴിക്കുകൊണ്ടുവരാൻ പട്ടാളത്തിന്ന് ഇനിയും സാധിച്ചിട്ടില്ല.

ഇന്ത്യയിൽ രണ്ടു പേരില്ലാ സംസ്ഥാനങ്ങളുണ്ടായിരുന്നു - വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനവും വടക്കു

---

(1) ഇപ്പോൾ മനുഷ്യാവകാശ കമ്മീഷനിൽ ഒരു വനിത പോലുമില്ല. ഇന്നത്തെ നിലവച്ചു പറഞ്ഞാൽ ഒരഞ്ചു കൊല്ലം കഴിയുന്നതുവരെ കമ്മീഷനിൽ ഒരു വനിതാമെമ്പർ ഉണ്ടാകാനും ഇടയില്ല.

(2) മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങളിൽ പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്ന ആരുമില്ല.

(3) മനുഷ്യാവകാശ കമ്മീഷന്ന് ഒരു ചെയർമാനില്ലാത്തത് എന്തുകൊണ്ടാണ്? യോഗ്യരായവരെ കിട്ടാനുണ്ടായിട്ടും തൽസ്ഥാനം ഒഴിച്ചിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

(4) നിലവിലുള്ള നിയമപ്രകാരം റിട്ടയർ ചെയ്ത ഇന്ത്യൻ ചീഫ് ജസ്റ്റിസാണ് ചെയർമാനാകേണ്ടത്. അതിന്നർത്ഥം ഇനി കുറെ കാലത്തേക്ക് ഒരാളെ കിട്ടില്ല എന്നാണ്. (ഇപ്പോഴത്തെ ചീഫ് ജസ്റ്റിസിന്ന് റിട്ടയർ ചെയ്യാൻ നാലു കൊല്ലത്തോളം ബാക്കിയുണ്ട്)

(5) മനുഷ്യാവകാശ സംബന്ധമായ കാര്യങ്ങളിൽ അറിവോ പ്രായോഗിക പരിചയമോ ഉള്ളവർക്കായി നീക്കിവച്ചിട്ടുള്ള സ്ഥാനങ്ങളിലേക്ക് ഐ.പി.എസ്. കാരേയും ഐ.എഫ്.എസ്. കാരേയും നിയമിക്കാനിടവന്നതെങ്ങനെയാണ്?

(6) മനുഷ്യാവകാശ കമ്മീഷന്ന് മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ സ്വയം നടപടിയെടുക്കാൻ അധികാരമുണ്ടായിട്ടും മനുഷ്യാവകാശ കമ്മീഷൻ ആ അധികാരം വിനിയോഗിക്കാത്തതെന്തുകൊണ്ടാണ്?

ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രസക്തമാകണമെങ്കിൽ ഇത്തരം സുപ്രധാനമായ പല ചോദ്യങ്ങൾക്കും ഉത്തരം കാണേണ്ടതുണ്ട്. അതല്ലെങ്കിൽ ഇത്തരം കമ്മീഷനുകൾക്കെതിരായിത്തന്നെ ജനകീയ പ്രക്ഷോഭണം ഉയർന്നുവന്നേക്കും.

(ഹെൻട്രി തിഫാനെ ഒരു അഭിഭാഷകനും പീപ്പിൾസ് വാച്ച് എന്ന മനുഷ്യാവകാശ സംഘടനയുടെ ഡയറക്ടറുമാണ്.) ❑

# ഗുജറാത്തിലെ മറ്റൊരു ഭീകരവേട്ടയുടെ കഥ

**ക**ടുവയെ പിടിക്കാൻ മാർഗ്ഗം മൂന്നുണ്ടെന്നാണ് ചൊല്ല് - ഒന്ന്: നേരിട്ടെതിർത്ത് വെടിവച്ചു കൊല്ലുക; രണ്ട്: കെണിവച്ച് ജീവനൊടെ പിടിക്കുക; മൂന്ന്: (ഇതിന്ന് ഇന്ത്യൻ പോലീസ് പ്ലാൻ എന്നും പേരുണ്ട്). ഒരു പൂച്ചയെ പിടിച്ച് തല്ലുക, കുറെ തല്ലുകിട്ടുമ്പോൾ താൻ വേഷം മാറി നടക്കുന്ന കടുവയാണെന്ന് പൂച്ച സമ്മതിക്കും.

ഭീകരന്മാരാണെന്ന സംശയത്തിന്മേൽ ഇന്ത്യയിലുടനീളം അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വാസ്തവസ്ഥിതി അന്വേഷിച്ചാൽ കടുവയെ പിടിക്കാൻ അവലംബിച്ച മൂന്നാമത്തെ മാർഗ്ഗം തന്നെയാണ് ഇതെന്നും നിങ്ങൾ കണ്ടെത്തും. ഗുജറാത്ത് പോലീസ് സംശയിച്ചറസ്റ്റ് ചെയ്യുന്ന ഭീകരന്മാരുടെ കഥയും ഇതാണ്. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം വർധിപ്പിക്കാനായി, പാവങ്ങളെ പിടികൂടി മർദ്ദിച്ച് കുറ്റസമ്മതം നടത്തിക്കുന്നതിന്ന് ഒരു കണക്കൊന്നുമില്ല.

കഴിഞ്ഞ സെപ്തംബർ 6ന്ന് വഡോദരയിലെ അസി. പോലീസ് കമ്മീഷണർ രാകേശ് ശർമ്മ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി അഞ്ചുപേരെ അറസ്റ്റ് ചെയ്തതായി പ്രസ്താവിച്ചു. നഗരത്തിലെ ഹതീഖാര മേഖലയിൽ ഗണേശ യാത്രയുടെ നേരെ ബോംബാക്രമണം നടത്താൻ തയ്യാറെടുക്കുന്നതിന്നിടയിലാണ് ഇവരെ അറസ്റ്റ് ചെയ്തതെന്ന് പോലീസ് പറഞ്ഞു. അഞ്ചുപേരും മുസ്ലീമുകളാണെന്നു പറയേണ്ടതില്ലല്ലോ. ഹിന്ദുക്കൾക്ക് പരിക്കേൽപ്പിച്ച് വർഗീയ കലാപത്തിന്ന് സൗകര്യമുണ്ടാക്കുകയായിരുന്നു ഉദ്ദേശമെന്നും അദ്ദേഹം പറഞ്ഞു. ➡

---

കിഴക്കൻ അതിർത്തി പ്രദേശവും (നീഫ). ഇന്ത്യാ വിഭജനത്തോടെ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിലായി. അവിടെ അത് ഇന്നും പേരില്ലാ സംസ്ഥാനമായി തുടരുന്നു. ഇന്ത്യയിലാകട്ടെ, അതിന്ന് അരുണാചലപ്രദേശം എന്ന് പേരിട്ട് പ്രശ്നം തീർത്തു. നാഗന്മാർക്കും മിസോകൾക്കുമെല്ലാം പുതിയ സംസ്ഥാനങ്ങളുണ്ടാക്കി. ഇനിയും പല ഗോത്രവർഗ്ഗക്കാരും മെരുങ്ങാതെ നിൽക്കുന്നുണ്ട്. സൈന്യത്തിന്ന് ഇവരെ മെരുക്കാനാവില്ല. മാവോയിസ്റ്റ് മേഖല എന്നു പറയുന്ന മധ്യേന്ത്യൻ സംസ്ഥാനങ്ങളുടെ കഥയും ഇതുതന്നെയാണ്. ബ്രിട്ടീഷുകാർ പണ്ട് പഠിച്ച പണിയെല്ലാം പയറ്റിയിട്ടും മധ്യേന്ത്യയിലെ ഗോത്രവർഗ്ഗക്കാരെ മെരുക്കാൻ കഴിഞ്ഞില്ല. പാക്കിസ്ഥാനു തൊട്ടുകിടക്കുന്ന അഫ്ഘാനിസ്ഥാനിലെ കഥയും ഇതുതന്നെ. അഫ്ഘാനിസ്ഥാനിലെ ഗോത്രവർഗ്ഗക്കാരെ മെരുക്കാൻ ബ്രിട്ടീഷുകാർ പല തവണ ശ്രമിച്ചിരുന്നു. എല്ലാം പരാജയപ്പെട്ടപ്പോൾ ബ്രിട്ടീഷ് സൈന്യം പിന്മാറുകയാണ് ചെയ്തിരുന്നത്.

കഴിയുന്നത്ര ചെറുപ്പക്കാരെ റിക്രൂട്ട് ചെയ്ത് അത്യാധുനിക രീതിയിൽ പരിശീലിപ്പിച്ച് പ്രബലമായ ഓരോ പോലീസ് സേനയെ ഓരോ സംസ്ഥാനത്തിലുമുണ്ടാക്കുകയാണ് ഈ "പ്രത്യേകാധികാരപ്രശ്നം" തീർക്കാനുള്ള മാർഗ്ഗം. പോലീസ് സേന അതിശുഷ്ക്കവും വേണ്ടത്ര പരിശീലനമില്ലാത്തതുമാണെങ്കിൽ, അതുതന്നെ ഒരു മാരണമായിത്തീരും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിൽനിന്നും തീർത്തും വ്യത്യസ്തമായ, ഭാവനാപൂർവ്വമായ, ഒരു സമീപനം ഗോത്രവർഗ്ഗ സംസ്ഥാനങ്ങളിൽ അവലംബിക്കേണ്ടതുണ്ട്. ❑



23 വയസ്സുള്ള സഹീർ അബ്ബാസാണ് സംഘം നേതാവെന്ന് രാകേശ് ശർമ്മ വെളിപ്പെടുത്തി. സഹീർ നടത്തിയ കുറ്റസമ്മതത്തിലൂടെയാണ് മറ്റു നാലുപേരെ മനസ്സിലാക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു. മാത്രമല്ല, ഒരു റോക്കറ്റ് വിക്ഷേപിണിയും അഞ്ചുകൈബോംബും, വെടിമരുന്നാണെന്നു "തോന്നിക്കുന്ന" ഒരു പാക്കറ്റ് പൊടിയും പിടിച്ചെടുത്തതായും ശർമ്മ വെളിപ്പെടുത്തി.

2008 ഒക്ടോബറിൽ ദസറയുടെ തലേദിവസം നടന്ന ബോംബാക്രമണം സംഘടിപ്പിച്ചതും ഇവർതന്നെയാണെന്ന് രാകേശ് ശർമ്മ പറഞ്ഞു. തുടർന്നുണ്ടായ കലാപത്തിൽ ആരും കൊല്ലപ്പെട്ടില്ലെങ്കിലും മുസ്ലീമുകളുടെ പല വ്യാപാരശാലകളും കൊള്ളക്കും കൊള്ളിവയ്പിന്നും ഇരയായിയത്രെ. കഴിഞ്ഞ കൊല്ലത്തെ ബോംബാക്രമണംകൊണ്ട് വലിയ "ഫല"മുണ്ടാകാതെ വന്നതിനാൽ ഇത്തവണ റോക്കറ്റ് വിക്ഷേപിണി ഉപയോഗിച്ച് ആക്രമണം നടത്താമെന്നായിരുന്നു പ്ലാനെന്നും പോലീസ് മേധാവി അവകാശപ്പെട്ടു. സെപ്തംബർ 23ന്ന് പോലീസ് രണ്ടുപേരെകൂടി അറസ്റ്റ് ചെയ്തു.

പക്ഷെ പോലീസ് കോടതിയിൽ സമർപ്പിച്ച രേഖകൾ സൂക്ഷ്മമായി പരിശോധിച്ചാൽ കള്ളത്തരങ്ങൾ ഒന്നൊന്നായി പുറത്തുവരും. ഒരിഞ്ച് വ്യാസമുള്ള ഒരു ഇരുമ്പു പൈപ്പാണ് റോക്കറ്റ് വിക്ഷേപിണിയായി പോലീസ് ചൂണ്ടിക്കാട്ടുന്നത്. ഈ പൈപ്പിന്നുപുറമെ "വെടിമരുന്നാണെന്നു തോന്നിച്ച" ഒരു പാക്കറ്റ് പൊടിയും പിടികൂടിയതായി പോലീസ് പറയുന്നു.

ഏഴു പ്രതികളിൽ ഒരാൾക്കുവേണ്ടി കോടതിയിൽ ഹാജരായി വാദം നടത്തിയ ഐ.യു. പട്ടേൽ ഈ ആരോപണങ്ങളുടെ പൊള്ളത്തരം തുറന്നു കാണിച്ചു. റോക്കറ്റ് വിക്ഷേപിണികളുടേതിൽനിന്നും തീർത്തും വ്യത്യസ്തമായതാണ് ഇരുമ്പു പൈപ്പ്. ഇനി അഥവാ ഇതൊക്കെ റോക്കറ്റ് വിക്ഷേപിണിക്ക് ഉപയോഗിക്കാമെങ്കിൽതന്നെ ഒരു കുഴലല്ലാതെ മറ്റു പാർട്ടുകളൊന്നും കിട്ടിയിട്ടില്ല. റോക്കറ്റ് വിക്ഷേപിണിയിൽനിന്ന് റോക്കറ്റ് വിടണമെങ്കിൽ അതു കത്തിക്കാൻ സംവിധാനം വേണം. അതും ഇതിലില്ല. ഈ കുഴൽകിട്ടിയത് ചന്തയിൽ നിന്നാണെന്ന് പോലീസ് പറയുന്നു. ആരെങ്കിലും ചന്തയിലിരുന്ന് റോക്കറ്റ് വിക്ഷേപിണിയുണ്ടാക്കുമോ?

പട്ടേലിന്റെ വാദം അംഗീകരിച്ച് അമീൻ റസാക്ക് ഷേഖ് എന്ന പ്രതിക്ക് കോടതി ജാമ്യം അനുവദിച്ചു. അതോടെ പോലീസിന്ന് പരിഭ്രമമായി. തങ്ങൾ മൂന്നു സാക്ഷികളെ കണ്ടെത്തിയിട്ടുണ്ടെന്ന് പോലീസ് അവകാശപ്പെടുന്നു. പോലീസ് ആവശ്യപ്പെടുന്നതുപൊലെ സാക്ഷി പറയാൻ നാട്ടിൽ എത്രപേരെ വേണമെങ്കിലും കിട്ടുമെന്നതിനാൽ ഈ സാക്ഷികൾക്കു വിലയില്ല.

പോലീസ് പ്രതികളിൽ നിന്ന് പിടിച്ചെടുത്തതായി പറയുന്ന പൈപ്പും മറ്റും ആർക്കുവേണമെങ്കിലും ചന്തയിൽനിന്നു വാങ്ങാവുന്നതേയുള്ളൂവെന്ന് മറ്റൊരു അഭിഭാഷകനായ മൊഹമ്മദ് ഹാനിഫ് ചൂണ്ടിക്കാട്ടുന്നു. പ്രതികളെ തങ്ങൾ തക്കസമയത്ത് പിടികൂടിയതിനാൽ അക്രമങ്ങൾ ഒന്നും നടന്നില്ലെന്നാണ് പോലീസ് പറയുന്നത്. ഗണേശ് യാത്ര സെപ്തംബർ 3ന്നായിരുന്നു. പോലീസ് പ്രതികളെ പിടികൂടിയത് സെപ്തമ്പർ 5ന്നു മാണ്. ഇവർ ബോംബാക്രമണത്തിന്നു പ്ലാനിട്ടിരുന്നുവെങ്കിൽ സെപ്തംബർ 5ന്നു മുമ്പുതന്നെ ആക്രമിക്കുമായിരുന്നുവെന്ന് മൊഹമ്മദ് ഹാനിഫ് ചൂണ്ടിക്കാട്ടുന്നു.

പ്രതികളിലൊരാളായ ഇബ്ബാൽ ഷേഖ് പറയുന്നത് സെപ്തമ്പർ 1ന്നു തന്നെ പോലീസ് തങ്ങളെ പിടികൂടിയിരുന്നുവെന്നാണ്. സെപ്തംബർ 5

# സമൂഹത്തിലെ മേൽത്തട്ടുകാർ ഇടതുപക്ഷത്തേക്ക്

**അ**തിദരിദ്രരായ കർഷകതൊഴിലാളികൾ ചൂഷണത്തിന്നെതിരായി സമരരംഗത്തിറങ്ങിയതായിരുന്നു 1948 ജൂലായിലെ തെലുങ്കാനാ കർഷക പ്രക്ഷോഭം. അതിന്നുശേഷം ജന്മിമാരുടേയും സമ്പന്നരുടേയും മർദ്ദന വാഴ്ചക്കെതിരായ സമരങ്ങൾക്ക് ഏറ്റക്കുറച്ചിലുകളുണ്ടായി. സമരം തണുക്കുമ്പോൾ അധികാരിവർഗ്ഗം ആലസ്യത്തിലാണ്ടു പോകുകയാണ് പതിവ്. ഒടുവിൽ 1960 കളുടെ ഒടുവിൽ നക്ഷൽബാരി പൊട്ടിത്തെറിച്ചു. ഒരുവിധത്തിൽ അത് അടിച്ചമർത്തിയതോടെ ഭരണാധികാരികൾ സംതൃപ്തരായി. അൽപം സൗജന്യങ്ങളും കുറെയേറെ അധികാര ശക്തിയുമുണ്ടായാൽ കർഷകരെ ഒതുക്കി നിർത്താമെന്ന് ഭരണാധികാരികൾ ധരിച്ചു.

കഴിഞ്ഞ അഞ്ചാറുകൊല്ലം കൊണ്ട് സ്ഥിതിഗതികളാകെ മാറി. നീപ്പാളിൽ മാവോയിസ്റ്റുകൾക്കുണ്ടായ വിജയം അതിന്ന് പശ്ചാത്തലമൊരുക്കി. ബീഹാറിൽനിന്ന് ഝാർഖണ്ഡ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ആന്ധ്ര, മഹാരാഷ്ട്രം എന്നീ സംസ്ഥാനങ്ങളെ ഭാഗികമായി സ്പർശിച്ചുകൊണ്ട് നീണ്ടുകിടക്കുന്ന അതിവിപുലമായ മേഖലയിലാകെ ഇന്ന് മാവോയിസ്റ്റുകൾ വ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഭരണം ഇനിയും ദുഷ്ക്കരമാകും. ഇതിന്നു പുറത്തുള്ള മേഖലകളിൽ ഭരണം സുഗമമാണെന്നല്ല ഇവിടത്തെ വിവക്ഷ.

ഇതിന്ന് മറ്റൊരു പ്രധാന വശമുണ്ട്. പണ്ടത്തെ സമരങ്ങൾ കർഷക സമരങ്ങളായിരുന്നുവെങ്കിൽ ഇപ്പോഴത് അധികാരികളുടെ മർദ്ദന വാഴ്ചക്കും അഴിമതിക്കുമെതിരായ ഒരു സമരമായി മാറിയിരിക്കുന്നു. ഗ്രാമീണ കലാപങ്ങൾക്ക് ഇന്ന് കാരണമായിത്തീരുന്നത് ദുർഭരണവും അഴിമതിയുമാണ്. പ്യൂൺ, തൂപ്പുകാരൻ എന്നിവരെപ്പോലെ ഏറ്റവും താഴെക്കിടയിലുള്ള സർക്കാർ ജീവനക്കാർ പോലും ആദിവാസികളുടെ നേരെ അവഹേളനാത്മകമായി പെരുമാറുന്നതു കാണാം. ഇതിന്നെതിരായി മിണ്ടിയാലാകട്ടെ, ആദിവാസികളുടെ നേരെ പോലീസിനെ കയറൂരി വിടുകയും ചെയ്യും. ഇതിന്റെ അനന്തരഫലമാണ് ഝാർഖണ്ഡിലും ഛത്തീസ്ഗഡിലും മഹാരാഷ്ട്രത്തിലും നാം കാണുന്നത്. ഈ അതിക്രമങ്ങൾക്ക് അടുത്തെങ്ങും അറുതി വരുന്ന ലക്ഷണം കാണുന്നുമില്ല; വാസ്തവം പറഞ്ഞാൽ നേരെ വിപരീതമായ ലക്ഷ ➡



കോബാഡ് ഘണ്ടി

ണങ്ങളാണ് കാണുന്നത്.

സ്ഥിതിഗതികൾ അത്യന്തം ഗുരുതരമാണ്. കാര്യങ്ങൾ നിയന്ത്രണാതീതമാകുന്നതിന്റെ ലക്ഷണമാണ് കാണുന്നത്. ഭരണാധികാരികളിലാകട്ടെ, പരിഭ്രമം സുവ്യക്തമാണ്. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലേയും സ്ഥിതി ഒരുപോലെയാണ്. ഗുരുതരമായ ഭവിഷ്യത്തിനെയാണ് നേരിടുന്നതെന്ന് കേന്ദ്രത്തിന്നും സംസ്ഥാനങ്ങൾക്കും ബോധ്യം വന്നിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. ഗ്രാമീണ വികസനവും വിട്ടുവീഴ്ചയില്ലാത്ത ക്രമസമാധാന പാലനവും ഒന്നിച്ചു നടപ്പാക്കുന്ന പക്ഷം നല്ല ഫലമുണ്ടാകുമെന്നാണ് ആശ.

ഇത്തരമൊരു സംയോജിത സമീപനം മുമ്പുണ്ടായിട്ടില്ലെന്നല്ല. പക്ഷെ അന്ന് ഇത്രയൊന്നും വേവലാതി കണ്ടിട്ടില്ല. ഗ്രാമീണ വികസനത്തിന്നും പോലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്നും ഇത്രയൊന്നും പണം പണ്ട് നീക്കിവയ്ക്കാറില്ലെന്നതാണ് വാസ്തവം. ലാൽഗഡിലും ഗഡ്ചിറോലിയിലും സംഭവിച്ചതെല്ലാം മറ്റു പ്രദേശങ്ങളിലും ഉണ്ടാകുമോ എന്ന ആശങ്കയുടെ പകുതി പരിഹരിക്കാൻ ഇതിന്നുതന്നെ സാധിച്ചിട്ടുണ്ട്. പക്ഷെ ഈ സംയോജിത സമീപനം എത്രത്തോളം പ്രാവർത്തികമാക്കും എന്നത് കണ്ടുതന്നെ അറിയണം.

ഗവർമ്മേണ്ട് എന്തുചെയ്താലും ഫലമൊന്നും കാണില്ലെന്ന ചിന്ത വ്യാപകമാണ്. ഇതിന്ന് കാരണം രണ്ടാണ്. ഗവർമ്മേണ്ട് ചെയ്യുന്ന നല്ലകാര്യങ്ങളിൽ പോലും രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടാകുന്നുവെന്നതാണ് ഒരു കാരണം. പണം എത്ര അനുവദിച്ചാലും അതൊക്കെ ചോർന്നുപോകുമെന്നതാണ് രണ്ടാമത്തെ കാരണം. നമ്മുടെ ഭരണ സംവിധാനം അഴിമതിക്ക് കുപ്രസിദ്ധമാണ്. ഭരണകൂടത്തിന്റെ കീഴ്ത്തലങ്ങളിലുള്ള അഴിമതിയും തന്മൂലമുണ്ടാകുന്ന അനീതികളുമാണ് മാവോയിസ്റ്റുകളെ ക്ഷോഭിപ്പിക്കുന്ന രണ്ടു ഘടകങ്ങൾ.

മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തത്ര രൂക്ഷമാണ് അക്രമങ്ങൾ. ഇന്ത്യൻ പോലീസിന്ന് ഇതിൽനിന്ന് പലതും പഠിക്കാനുണ്ട്. ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലുണ്ടായ അക്രമങ്ങൾ നോക്കൂ. ഝാർഖണ്ഡിൽ ഒരു പോലീസ് ഇൻസ്പെക്ടറുടെ തല അറുത്തു. ഛത്തീസ്ഗഡിലും മഹാരാഷ്ട്രത്തിലും ഡസൻ കണക്കിന്നു പോലീസുകാരെ കെണിയിൽ പെടുത്തി കൊന്നു. സ്ഥിതിഗതികൾ അങ്ങേയറ്റം ഭയാനകമായിത്തീർന്നിരിക്കുകയാണ്.

മാവോയിസറ്റുകൾ ഇങ്ങനെ അന്തം കെട്ടു പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് ഒരു ശരാശരി പോലീസു

---

വരെ തങ്ങളെ കസ്റ്റഡിയിൽ വച്ച് ഭേദ്യം ചെയ്യുകയായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. പ്രതികളുടെ കുടുംബാംഗങ്ങൾ സെപ്തംബർ ഒന്നുമുതൽ 5 വരെ പോലീസ് സ്റ്റേഷനുകളിലെല്ലാം തങ്ങളുടെ ബന്ധുക്കളെ അന്വേഷിച്ചു നടന്നു. അവസാനം സെപ്തമ്പർ 4ന്ന് പോലീസ് കമ്മീഷണർ അറസ്റ്റിന്റെ കാര്യം സമ്മതിച്ചു.

പോലീസ് അറസ്റ്റ് ചെയ്തവരിലൊരാളായ ഇഖ്ബാൽ ഷേഖിന്റെ പേരിൽ പോലീസ് കെട്ടിച്ചമച്ച കഥകൾ തിരിച്ചടിക്കുകയാണിപ്പോൾ. ഇദ്ദേഹം 2008 ഒക്ടോബറിലെ ആക്രമങ്ങളുടെ സൂത്രധാരനായിരുന്നുവെന്നാണ് പോലീസ് കോടതിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇഖ്ബാൽ 2008 ൽ ലണ്ടനിൽ ഒരു ടെയ്‌ലറായി പണിയെടുത്തു വരികയായിരുന്നുവെന്നതിന്ന് തെളിവുണ്ട്. ഇഖ്ബാൽ ഇന്ത്യയിൽ തിരിച്ചെത്തിയതുതന്നെ 2009 ജൂൺ 21ന്നു മാത്രമാണ്! ❏

കാരന് അറിയാം. എന്നാൽ ഇതിനെ ശരിക്കു നേരിടേണ്ടതെങ്ങനെയാണെന്നതിനെക്കുറിച്ച് അയാൾക്കൊരു പിടിയുമില്ല. പോലീസ് മേധാവിമാരും ആശയക്കുഴപ്പത്തിലാണ്. സംഭവിക്കുന്ന അതിക്രമങ്ങൾ ഏറെയാണ്; കൊല്ലപ്പെട്ടവരുടെ എണ്ണം അത്യധികമാണ്. ഗൃഹനാഥന്മാരുടെ മരണം മൂലം ഗതികേടിലാകുന്ന പോലീസ് കുടുംബങ്ങളനുഭവിക്കുന്ന യാതന സീമാതീതമാണ്. തന്മൂലം പോലീസുകാരുടെ മനോവീര്യം ക്ഷയിക്കുന്നത് സ്വാഭാവികം. പോലീസ് മേധാവിമാരുടെ വിശ്വാസ്യതക്കു തന്നെ ഇത് ആഘാതമേൽപിക്കുന്നു.

നക്സൽ അതിക്രമങ്ങളിൽ കൊല്ലപ്പെടുന്ന പോലീസുകാർ ഏറ്റവും താഴെ തട്ടിലുള്ളവരാണ്. പോലീസ് മേധാവിമാർക്കാകട്ടെ കാര്യമായ ആപത്തൊന്നും ഉണ്ടാകുന്നുമില്ല. ഈ വൈരുധ്യം ശ്രദ്ധിക്കപ്പെടാതിരിക്കില്ല. തന്മൂലം പോലീസുകാർ കർത്തവ്യനിർവ്വഹണത്തിൽനിന്ന് മന:പൂർവ്വം ഒഴിഞ്ഞു മാറുന്നു.

നേതാക്കന്മാർക്കു ചുറ്റുമുള്ള പ്രഭാമണ്ഡലമാണ് നക്സലിസത്തെ നിലനിർത്തുന്നത്. ഇന്ത്യയിലെന്നല്ല ലോകത്തിലെങ്ങും തീവ്രവാദം വളരുന്നതങ്ങനെയാണ്. സമൂഹത്തിന്റെ മേൽതട്ടിലുള്ള സ്ത്രീപുരുഷന്മാരാണ് തീവ്രവാദത്തിലേക്ക് ആകർഷിക്കപ്പെടുന്നത്. നക്സലിസം സംബന്ധിച്ച് ഇപ്പോൾ കേൾക്കുന്ന പേര് കോബാഡ് ഘണ്ടിയുടേതാണ്. മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റിയിലെ അംഗമാണദ്ദേഹം. മാവോയിസ്റ്റുകളുടെ പ്രചരണ-പബ്ലിസിറ്റി വിഭാഗത്തിന്റെ തലവനുമാണ്. ദഹ്റാദൂണിലെ പ്രശസ്തമായ ഡൂൺ സ്കൂളിലായിരുന്നു ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം. പിന്നീട് ലണ്ടനിൽനിന്ന് ബിരുദമെടുത്ത് ചാർട്ടേർഡ് എക്കൗണ്ടന്റായി. സമൂഹത്തിന്റെ മേൽതട്ടിലുള്ളവർ എങ്ങനെ ഇടതുപക്ഷത്തേക്ക് ആകർഷിക്കപ്പെടുന്നുവെന്നതിന്റെ ഒന്നാന്തരമൊരു ഉദാഹരണമാണ് ഘണ്ടി. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ പരേതയായ പത്നിയും സഹിച്ച ത്യാഗങ്ങളെപറ്റി അറിയുമ്പോൾ ആരുടെ കണ്ണിലും കണ്ണീർ പൊടിയും. ഘണ്ടി ക്യാൻസർ ബാധിതനായി ചികിത്സയിൽ കഴിയുകയായിരുന്നു. അദ്ദേഹം ദൽഹിയിലേക്കുവന്നതുതന്നെ മെച്ചപ്പെട്ട ചികിത്സയും തേടിയാണെന്ന് കരുതപ്പെടുന്നു. അടുത്തറിയുന്ന ആരോ ഒറ്റികൊടുത്തതുമൂലമാണ് അദ്ദേഹം ഇപ്പോൾ അറസ്റ്റിലായത്.

കൂടുതൽപേർ മാവോയിസ്റ്റ് അണികളിൽ എത്തിച്ചേരുന്നത് എങ്ങനെ തടയാം എന്നതാണ് പ്രധാന പ്രശ്നം. വികസന പ്രവർത്തനങ്ങളുടെ കാര്യക്ഷമത പ്രസക്തമാകുന്നതിവിടെയാണ്. അതുപോലെത്തന്നെ പ്രധാനമാണ് പോലീസ് സേനയെ എങ്ങനെ കാര്യക്ഷമമാക്കാമെന്നത്. അക്രമത്തെ അക്രമം കൊണ്ട് നേരിടാനായിരിക്കും വാസന. പക്ഷെ ഈ തന്ത്രം ഫലിക്കാറില്ല. പോലീസുകാർക്ക് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുകയും അക്രമത്തെ സ്വയം നിയന്ത്രണത്തോടെ നേരിടുന്നതിന് പ്രോൽസാഹനം നൽകുകയും ചെയ്താൽ ഫലം കണ്ടേക്കും. മാവോയിസ്റ്റുകളെ നേരിടാൻ മാത്രമായി അർപ്പിതമനക്സരായവരടങ്ങിയ പുതിയൊരു പോലീസ് വിഭാഗം ഉണ്ടാക്കുന്നതും നന്നായിരിക്കും.

പക്ഷെ ഇത്തരത്തിൽ എത്ര പോലീസുകാരെ പരിശീലിപ്പിക്കാം? ഇവർക്കാവശ്യമായ പരിശീലനം സത്വരം നടത്തുന്നതെങ്ങനെ? ഇവരെ പരിശീലിപ്പിച്ച് രംഗത്തിറക്കാൻ എത്ര കാലം വേണ്ടിവരും? കേന്ദ്ര ആഭ്യന്തര മന്ത്രി ചിദംബരത്തേയും സഹായികളേയും അലട്ടേണ്ട പ്രശ്നങ്ങളാണിവ. ❏



# ഓപ്പറേഷൻ ലാൽഗഡ്: ഗ്രീൻ ഹണ്ടിങ്ങിന്റെ മുന്നോടി

- തുഷ മിത്തൽ -

**ബ**ംഗാളിലെ മിഡ്നാപൂർ ജില്ലയിലെ ലാൽഗഡിൽ 2009 ജൂണിൽ ആരംഭിച്ച സംയുക്ത സൈനിക നടപടി രാജവ്യാപകമായി നടപ്പാക്കാൻ പോകുന്ന ഓപ്പറേഷൻ ഗ്രീൻ ഹണ്ടിന്റെ കേളികൊട്ടലായി കണക്കാക്കേണ്ടിയിരിക്കുന്നു. ലാൽഗഡ് പരിസരങ്ങളിൽനിന്നും മാവോയിസ്റ്റുകളെ തുരത്താൻ പോലീസിന്നു പുറമെ രണ്ടായിരത്തിൽപരം സൈനികരേയും രംഗത്തിറക്കിയിട്ടുണ്ട്. സി.ആർ.പി., അതിർത്തി രക്ഷാ സേന തുടങ്ങിയ സേനാ വിഭാഗങ്ങളെല്ലാം ലാൽഗഡിൽ താവളമടിച്ച് വേട്ട നടത്തുന്നുണ്ട്. പക്ഷെ മാവോയിസ്റ്റുകളല്ല, സാധാരണക്കാരാണ് ഇവരുടെ അതിക്രമങ്ങൾക്ക് പാത്രമാകുന്നത്.




മാവോയിസ്റ്റുകൾ തടങ്കലിൽ വച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥനായ അതീന്ദ്രനാഥ് ദത്തയെ പത്രക്കാർ മുമ്പാകെ ഹാജരാക്കി മോചിപ്പിക്കുന്നു.

ഇന്ത്യയിൽ പോലീസ്തന്നെ ജനദ്രോഹത്തിന്ന് പേരുകേട്ട ഒന്നാണ്. കാക്കിയണിഞ്ഞ ക്രമിനലുകൾ എന്ന് കോടതിയെക്കൊണ്ട് പറയിപ്പിച്ചവരാണവർ. എന്നാലും ജനങ്ങൾക്കിടയിൽ ജീവിക്കേണ്ടവരാകയാൽ പോലീസിന്റെ അതിക്രമങ്ങൾക്ക് ഒരു പരിധിയുണ്ട്. മന്ത്രിമാരുടേയും ജനപ്രതിനിധികളുടേയും നിയന്ത്രണത്തിൽ നിൽക്കുന്നവരാണവർ. എന്നാൽ സൈനികർക്ക് ജനങ്ങൾ ഒരു പ്രശ്നമേയല്ല. കേന്ദ്രസേനയെ ക്ഷണിച്ചുവരുത്തിയാൽ പിന്നെ അവരെ നിയന്ത്രിക്കാൻ സംസ്ഥാന ഗവർമ്മേണ്ടിനോ ജനപ്രതിനിധികൾക്കോ കഴിയില്ല. കേന്ദ്രസേനയുടെ സേവനത്തിന്നായി മുറവിളി കൂട്ടുന്നതിന്നു മുമ്പ് പത്തു തവണയെങ്കിലും സംസ്ഥാന ഗവർമ്മേണ്ട് ആലോചിക്കേണ്ട കാര്യമാണിത്.

ഇന്ത്യയുടെ ആഭ്യന്തര സുരക്ഷിതത്വ

ത്തിന് ഏറ്റവും വലിയ ഭീഷണി മാവോയിസ്റ്റുകളാണെന്ന് പ്രധാനമന്ത്രി മൻമോഹൻസിങ്ങും ആഭ്യന്തര കാര്യമന്ത്രി ചിദംബരവും പ്രഖ്യാപിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റുകാരെ സംബന്ധിച്ചാണെങ്കിൽ, എല്ലാവരേയും ശത്രുക്കളായി കാണുന്നവരാണ് അവർ. മാവോയിസ്റ്റുകളെ ഉന്മൂലനം ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്രഗവർമ്മേണ്ട്, അതിന്റെ "ട്രയൽ റൺ" ബംഗാളിൽ നടത്തി നോക്കുകയാണ്. അതാണ് ഓപ്പറേഷൻ ലാൽഗഡ്. ഈ വേട്ട മറ്റു സംസ്ഥാനങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുമ്പോൾ, അതിന്നിടാൻ നിശ്ചയിച്ചിരിക്കുന്ന ഓമനപ്പേരാണ് "ഓപ്പറേഷൻ ഗ്രീൻ ഹണ്ട്" എന്നത്.

ഓപ്പറേഷൻ ലാൽഗഡിന്റെ ഭീകരമായ ഒരു മുഖം കഴിഞ്ഞ സെപ്തമ്പറിൽ ലാൽഗഡിനടുത്ത ബാസ്ബർ ഗ്രാമത്തിൽ കാണപ്പെടുകയുണ്ടായി. മാവോയിസ്റ്റുകളേയും തേടി പട്രോളിങ്ങിന്നിറങ്ങിയ സൈനികരുടെ മുന്നിൽ വന്നുപെട്ടത് ഒരു ബാലനാണ്. അവർ ആ കുട്ടിയെ തടഞ്ഞുനിർത്തുകയും മാവോയിസ്റ്റുകൾ ഒളിച്ചിരിക്കുന്നത് എവിടെയാണെന്ന് ചോദിക്കുകയും ചെയ്തു. തനിക്കറിയില്ലെന്നു പറഞ്ഞ ബാലനെ പട്ടാളക്കാർ തല്ലി. കുട്ടിയുടെ നിലവിളി കേട്ട് ചിന്താമണി എന്ന ആദിവാസി സ്ത്രീ ഓടിയെത്തി തടുത്തു. അപ്പോൾ അവർ ചിന്താമണിയേയും തല്ലി. ബഹളം കേട്ട് ഗ്രാമീണർ ഓടിക്കൂടി. കാര്യം പന്തിയല്ലെന്ന് കണ്ടപ്പോൾ പട്ടാളക്കാർ സ്ഥലം വിട്ടു.

പട്ടാളക്കാരെക്കൊണ്ട് പൊറുതിമുട്ടി കഴിഞ്ഞിരുന്ന ജനങ്ങൾ ഒന്നാകെ ക്ഷോഭിച്ചിളകി. അവർ പരാതി പറയാനായി കടാപഹാരി പഞ്ചായത്ത് ഓഫീസിലേക്ക് പുറപ്പെട്ടു. മിക്കവരും സ്ത്രീകളും കുട്ടികളുമായിരുന്നു. കൃഷിപ്പണിയുള്ളതിനാൽ പുരുഷന്മാരെല്ലാം പാടത്തായിരുന്നു. പഞ്ചായത്താഫീസിന്നു തൊട്ടടുത്താണ് പട്ടാള ക്യാമ്പ്. ജനങ്ങൾ കൂട്ടംകൂടി വരുന്നതു കണ്ടപ്പോൾ, തങ്ങളെ ആക്രമിക്കാനുള്ള വരവാണെന്ന് പട്ടാളക്കാർ ധരിച്ചു. അവർ ലാത്തിയും കണ്ണീർ വാതകവുമായി ജനക്കൂട്ടത്തെ നേരിട്ടു. കണ്ണീർ വാതകപ്രയോഗത്തെ തുടർന്ന് ചിതറി ഓടിയ ജനങ്ങളിൽ ചിലർ പഞ്ചായത്ത് ഓഫീസിൽ ഓടിക്കയറി. പിന്നാലെ എത്തിയ സൈനികർ എല്ലാവരേയും നിരത്തി തല്ലി. പഞ്ചായത്ത് പ്രസിഡണ്ടിനും തല്ലു കിട്ടി. 70 വയസ്സുള്ള ഒരു സ്ത്രീ അടക്കം 14 സ്ത്രീകളെ പട്ടാളക്കാർ പിടികൂടി. ഇവരെ പട്ടാളക്യാമ്പിലിട്ടും പൊതിരെ തല്ലി. അതിനുശേഷം അവരെ ലാൽഗഡ് പോലീസ് സ്റ്റേഷനിൽ ഏൽപിച്ചു. പോലീസാകട്ടെ, അടുത്ത ദിവസം ഈ സ്ത്രീകളെ "രാജ്യദ്രോഹ കുറ്റം" ചുമത്തി കോടതിയിൽ ഹാജരാക്കി. ജീവപര്യന്തം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാകയാൽ കോടതി 14 പേരേയും ജയിലിലേക്ക് വിട്ടു.

പോലീസിന്ന് മറ്റൊരു കഥയാണ് പറയാനുള്ളത്. റോന്തുചുറ്റുന്ന തങ്ങളെ സ്ത്രീകളും കുട്ടികളും തടഞ്ഞു നിർത്തിയെന്നും അവരെ ഓടിച്ചപ്പോൾ മൂന്നു സ്ത്രീകൾക്ക് വീണ് കയ്യിനും കാലിനും പരിക്കേറ്റുവെന്നും പോലീസ് പറയുന്നു. പിടികൂടിയ 14 സ്ത്രീകളിൽനിന്ന് മൂന്നു അമ്പും കുറെ കൽകഷ്ണങ്ങളും പിടിച്ചെടുത്തുവെന്നും അവർ പറയുന്നുണ്ട്. വെറും കെട്ടുകഥയാകയാൽ ഇതിനെപ്പറ്റി വിശദീകരിച്ചിട്ടു കാര്യമില്ല. ഏതായാലും മൂന്നു അമ്പു കാരണം 14 സ്ത്രീകൾ ജയിലിലായി. വല്ലാത്തൊരു "യുദ്ധ" മാണ് ലാൽഗഡിൽ നടക്കുന്നത്. ജനങ്ങളിൽ ഏറ്റവും ദുർബ്ബലരായവർക്കെതിരെയാണ് ഗവർമ്മേണ്ട് "യുദ്ധം" നടത്തുന്നത് എന്നതാണ് ഇതിലെ വൈചിത്ര്യം.

ഒന്നരമാസത്തെ തടങ്ങലിന്നു ശേഷം ഒക്ടോബർ 23-ാം തിയ്യതി പതിനാല് ആദിവാസി സ്ത്രീകളും സ്വന്തം ഗ്രാമ



ത്തിൽ തിരിച്ചെത്തി അഥവാ മാവോയിസ്റ്റുകൾ തന്ത്രപൂർവ്വം അവരെ മോചിപ്പിച്ചു. ഒരു ദിവസം ഉച്ചക്ക് ഒന്നരക്ക് മാവോയിസ്റ്റുകൾ ശങ്കരായിൽ പോലീസ് സ്റ്റേഷന്റെ നേരെ ആക്രമണം നടത്തുകയാണുണ്ടായത്. അവിടത്തെ പോലീസുകാരിൽ രണ്ടുപേരെ അവർ വെടിവച്ചു കൊന്നു. പോലീസ് സ്റ്റേഷനിലെ തോക്കുകൾ പിടിച്ചെടുത്തതിന്നു പുറമെ തൊട്ടടുത്തുള്ള ബാങ്കിൽനിന്ന് പത്തുലക്ഷം രൂപയും അവർ കരസ്ഥമാക്കി. അതിന്നുശേഷം പോലീസ് സ്റ്റേഷന്റെ ചുമതല വഹിച്ചിരുന്ന അതീന്ദ്രനാഥ് ദത്തയെ അവർ റാഞ്ചിക്കൊണ്ടുപോകുകയും ചെയ്തു. മാവോയിസ്റ്റുകളെ അടിച്ചമർത്താനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഭടന്മാർ രംഗത്തെത്തുന്നത് വൈകുന്നേരം അഞ്ചുമണിക്കാണ്. അവർ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോഴേക്കും വലിയൊരു ജനക്കൂട്ടം അവിടെ തടിച്ചുകൂടിയിരുന്നു. സി.ആർ.പി. ക്കാർ കണ്ടവരെയെല്ലാം തല്ലിയോടിച്ചു.

മാവോയിസ്റ്റ് പോളിറ്റ് ബ്യൂറോ മെമ്പറായ കിഷൻജി ഈ സമയത്ത് ടെലിവിഷൻ ചാനലുകളുമായി അഭിമുഖസംഭാഷണം നടത്തുകയായിരുന്നു. മാവോയിസ്റ്റുകൾ തടങ്കലിലാക്കിയിരിക്കുന്ന പോലീസ് മേധാവി അതീന്ദ്രനാഥ് ദത്തയെ വിട്ടുതരാനുള്ള വ്യവസ്ഥകൾ അദ്ദേഹം മുന്നോട്ടു വച്ചു. ജയിലിൽ കിടക്കുന്ന ഏതെങ്കിലും മാവോയിസ്റ്റ് നേതാവിനെ വിട്ടുകിട്ടണമെന്നല്ല, തടങ്കലിൽ വച്ചിരിക്കുന്ന 14 സ്ത്രീകളെ മോചിപ്പിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഈ ഒരൊറ്റ നടപടികൊണ്ടുതന്നെ മാവോയിസ്റ്റുകൾ ആദിവാസികളുടെയെല്ലാം സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. കുറച്ചു ദിവസത്തിന്നുശേഷം ആദിവാസികളെ ജാമ്യത്തിൽ വിട്ടപ്പോൾ കിഷൻജിയും കൂട്ടുകാരും പത്രക്കാരെ ക്ഷണിച്ചുവരുത്തി ദത്തയെ പത്രക്കാർക്ക് ഏൽപ്പിച്ചുകൊടുത്തു. തടവുകാരന്റെ ഈ കൈമാറ്റ നടപടി ആദ്യന്തം ടെലിവിഷനിൽ പ്രദർശിപ്പിക്കപ്പെട്ടു. അതേസമയം നമ്മുടെ വിശിഷ്ട സേനാവിഭാഗങ്ങൾ കാട്ടിലാകെ കിഷൻജിയെ തിരഞ്ഞു നടക്കുകയായിരുന്നു. കിഷൻജിയാകട്ടെ ബംഗാൾ ഗവർമ്മേണ്ടിലെ മാർക്സിസ്റ്റ് പാർട്ടിക്കാരൊഴിച്ചുള്ള സഖ്യകക്ഷികളുമായി സമ്പർക്കം പുലർത്തിപോരുന്നതായും റിപ്പോർട്ടുണ്ട്.

മാവോയിസ്റ്റുകൾ എന്നത് ബംഗാളിലെ പുതിയൊരു പ്രതിഭാസമല്ല. 1970 കൾ മുതൽ അവർ കാട്ടിലുണ്ടായിരുന്നു. പക്ഷെ അവർ പരസ്യമായി ഒരാക്രമണം നടത്തിയത് 2003 ലാണ്. ഒരു കുഴിബോംബ് ആക്രമണത്തോടെയായിരുന്നു തുടക്കം. എന്തുകൊണ്ട്? സർക്കാരിന്റെ പുതിയ നക്ഷൽ വിരുദ്ധ നയമാണോ ഇതിന്നു കാരണം?

നക്ഷലുകളെ പിടികൂടാൻ കൂടുതൽ മിന്നൽ പരിശോധനകൾ നടത്തണമെന്ന് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ 2001 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആവശ്യപ്പെട്ടിരുന്നു. മിന്നൽ പരിശോധനകൾ നല്ലഫലം ചെയ്യുന്നുണ്ടെന്ന് 2002 ൽ മുഖ്യമന്ത്രി പറയുകയും ചെയ്തു. അതിന്നകം 54 പേരെ പോലീസ് പിടികൂടിയിരുന്നു. രാജ്യദ്രോഹകുറ്റം ചുമത്തപ്പെട്ട 54 പേരും ഒരു കൊല്ലം ജയിലിൽ കിടന്നു. ഒടുവിൽ 2003ൽ എല്ലാവരേയും ജാമ്യത്തിൽ വിട്ടുവെങ്കിലും കേസ് തുടർന്നു പോയി. 2008ൽ ഈ കേസിലുണ്ടായ വിധി സർക്കാരിന്നെതിരായ കനത്തൊരു പ്രഹരമായിരുന്നു. ബംഗാളിന്റെ നാനാഭാഗങ്ങളിൽനിന്ന് അറസ്റ്റ് ചെയ്യപ്പെട്ടവരെയെല്ലാം ഈ രാജ്യദ്രോഹകേസിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നുണ്ടെന്നും പോലീസിന്റെ സംശയം മാത്രമാണ് ഇതിന്നടിസ്ഥാനമെന്നും സെഷൻസ് ജഡ്ജിയുടെ വിധിയിൽ പറയുന്നു. ഒരു തെളിവുമില്ലാതെയാണ് പോലീസ് ഇവരെ അറസ്റ്റ് ചെയ്തിരിക്കുന്ന

# അങ്ങനെ ആ ഗാന്ധിയനേയും അവർ നക്ഷൽ നേതാവാക്കി

**- നേഹ ദീക്ഷിത് -**

**ക**ഴിഞ്ഞ സെപ്തമ്പർ 26ന്ന് CNN-IBN ടെലിവിഷൻ ചാനൽ അവരുടെ വാർത്താ ബുള്ളറ്റിനിൽ സന്ദീപ് പാണ്ഡെയുടെ ഫോട്ടോ "നക്ഷൽ നേതാവ്" എന്ന വിശദീകരണത്തോടെ പ്രദർശിപ്പിച്ചു. ലേഖകന്റെ അജ്ഞതയാണ് ഇതിന്നു പിന്നിലെന്ന് പാണ്ഡെ കരുതുന്നു. എന്തെങ്കിലും ദുരുദ്ദേശം ഇതിന്റെ പിന്നിലുണ്ടെന്ന് അദ്ദേഹം കരുതുന്നില്ല. ടെലിവിഷനിൽ വന്ന ഈ മണ്ടത്തരത്തെ കുറിച്ചുള്ള വാർത്ത പരന്നതോടെ, ചാനൽ ക്ഷമാപണം നടത്തി.

പ്രശ്നം അങ്ങനെ തീർന്നുവെങ്കിലും സന്ദീപ് പാണ്ഡെ നക്ഷൽ നേതാവാണെന്ന വാർത്ത ലോകം മുഴുവൻ പ്രചരിച്ചു. അവിചാരിതമായി പറ്റിയ ഈ തെറ്റ്, തീവ്രവാദംകൊണ്ട് കലുഷിതമായ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് പല പ്രത്യാഘാതങ്ങളും ഉണ്ടാക്കാം. ഭരണകൂടത്തിന്റേയും തീവ്രവാദികളുടേയും കണ്ണിൽ ഇവരൊരു കരടായിത്തീരുന്നു.

പാണ്ഡയെ നക്ഷലായി അവതരിപ്പിച്ചതിന്റെ പിന്നിൽ ഒരു കഥയുണ്ട്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ലിബറേഷൻ എന്ന വിശേഷണത്തോടെ പ്രവർത്തിച്ചിരുന്ന കമ്യൂണിസ്റ്റ് പാർട്ടി 2002 നവമ്പർ 14ന്ന് നടത്തിയ ഒരു സമ്മേളനത്തിൽ പാണ്ഡെ സംബന്ധിച്ചിരുന്നു. പണ്ട്, മൂന്ന് ദശകങ്ങൾക്കുമുമ്പ് നടന്ന നക്ഷൽ കർഷക പ്രക്ഷോഭണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതരെ ആദരിക്കാനുള്ളതായിരുന്നു പ്രസ്തുത സമ്മേളനം. കൊല്ലപ്പെട്ട നക്ഷലുകളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്നായി പാണ്ഡെയുടെ നേതൃത്വത്തിലുള്ള "ആശ" എന്ന സ്ഥാപനം ഒരു കൊല്ലം ➡




സന്ദീപ് പാണ്ഡെ കുടുംബാംഗങ്ങളോടൊപ്പം ലഖ്നൗവിലെ വസതിയിൽ

മുമ്പ് നാലുകോടി രൂപ നൽകിയിരുന്നു. ആ സമ്മേളനത്തിൽ പാണ്ഡെ സംബന്ധിക്കാനുള്ള കാരണം അതാണ്.

പാണ്ഡെ കാലിഫോർണിയ സർവ്വകലാശാലയിൽ ഡോക്ടറേറ്റിന്ന് പഠിക്കുന്ന കാലത്ത് മറ്റു ചിലരുംകൂടി "ആശ" എന്നൊരു സന്നദ്ധ സംഘടനക്ക് രൂപം നൽകിയിരുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കിയ പാണ്ഡെ 1991 ൽ ഇന്ത്യയിലേക്ക് മടങ്ങുകയും കാൻപൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ അധ്യാപകനായി ജോലി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഒരു കൊല്ലമേ അവിടെ സേവനമനുഷ്ഠിച്ചുള്ളൂ. ആശയുടെ പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധിക്കാനായി അദ്ദേഹം ഇൻസ്റ്റിട്യൂട്ട് വിട്ടു. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ-സാമ്പത്തിക പരിവർത്തനം കൈവരുത്തുക എന്നതാണ് "ആശ"യുടെ ലക്ഷ്യം. ഈ രംഗത്ത് അനുഷ്ഠിച്ച സേവനത്തെ മുൻനിർത്തിയാണ് പാണ്ഡെക്ക് 2002 മാഗ്സേസെ അവാർഡ് ലഭിച്ചത്.

അമേരിക്കയിലെ ചില സന്നദ്ധസംഘടനകൾ "ആശ"ക്ക് ഉദാരമായ സംഭാവനകൾ നൽകിവന്നിരുന്നു. കൊല്ലപ്പെട്ട നക്ഷൽ പ്രവർത്തകരുടെ കൂട്ടികളുടെ വിദ്യാഭ്യാസത്തിന്നായി നാലുകോടി രൂപ ചെലവഴിക്കാൻ "ആശ"ക്ക് കഴിഞ്ഞത് ഈ സംഭാവനകൾ ഉപയോഗിച്ചായിരുന്നു. അമേരിക്കയിലെ സന്നദ്ധ സംഘടനകൾ മുമ്പും ഉദാരമായ സംഭാവന നൽകാറുണ്ട്. പക്ഷെ അതൊക്കെ ആർ.എസ്.എസ്.ന്നും ബജ്രംഗ ദളത്തിന്നും മറ്റുമാണ് കിട്ടിക്കൊണ്ടിരുന്നത്. ആർ.എസ്.എസ്.ന്റെയും ബജരംഗദളത്തിന്റേയും അതിക്രമങ്ങൾക്കായി ഉപയോഗിച്ചുവന്നിരുന്ന പണം ഇപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിന്നായി വിനിയോഗച്ചു തുടങ്ങി. സ്വാഭാവികമായും നിക്ഷിപ്ത താൽപര്യക്കാർക്ക് അത് ഇഷ്ടപ്പെട്ടില്ല. അങ്ങനെ അവർ പാണ്ഡെയെ നക്ഷൽ എന്ന് വിളിക്കാൻ തുടങ്ങി.

തന്റെ പ്രത്യയശാസ്ത്രം പലപ്പോഴും കമ്യൂണിസവുമായി ഒത്തുപോകുന്നതാണെന്ന് സന്ദീപ് പാണ്ഡെ തുറന്നു

---

തെന്നും കേസന്വേഷണത്തിൽ രാഷ്ട്രീയം കടന്നുകൂടിയിട്ടുണ്ടെന്നും വിധിയിൽ പറഞ്ഞു.

ഓപ്പറേഷൻ ലാൽഗഡ് പുതിയൊരു യുദ്ധമല്ല. ദീർഘകാലമായി ഭരണകൂടം നടത്തിവന്നിരുന്ന അടിച്ചമർത്തലിന്റെ ഒരു സൈനിക രൂപം മാത്രമാണ് ഓപ്പറേഷൻ ലാൽഗഡ്. ഇത് മാവോയിസ്റ്റുകളെ ഒറ്റപ്പെടുത്താനല്ല, ജനങ്ങളെ മാവോയിസ്റ്റ് പാളയത്തിലേക്ക് ഓടിക്കാനാണ് സഹായിക്കുന്നത്. ഇനി വരാൻ പോകുന്ന ഓപ്പറേഷൻ ഗ്രീൻഹണ്ടിന്റെ ഗതിയും മറ്റൊന്നാകില്ല.

പോലീസ് ഈയിടെ പിടികൂടിയ ഛത്രധർ മഹതോവിന്റെ അമ്മക്ക് ഇപ്പോൾ തന്റെ മൂത്തമകനെക്കുറിച്ച് സഹതാപമാണുള്ളത്. ശശിധർ മഹതോ വീടുവിട്ടിറങ്ങിയിട്ട് കൊല്ലം 18 ആയി. അദ്ദേഹം മാവോയിസ്റ്റ് ക്യാമ്പിലാണിപ്പോൾ. അമ്മ ഇത്രകാലവും മൂത്തമകനെ ശപിക്കുകയായിരുന്നു. എന്നാൽ ഛത്രധർ മഹതോവിന്റെ അറസ്റ്റോടെ അമ്മക്കു തന്റെ മൂത്തമകനെക്കുറിച്ച് ഒരു പ്രത്യേക വാത്സല്യം ഉണ്ടായിട്ടുണ്ട്. കാശ്മീരിലും മണിപ്പൂരിലുമെല്ലാം സൈന്യത്തെ വിന്യസിച്ചിട്ടിപ്പോൾ ദശാബ്ദങ്ങൾതന്നെ കഴിഞ്ഞു. അവർക്കിനിയും ജനങ്ങളുടെ ഹൃദയത്തേയോ മനസ്സിനേയോ സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ല. ഓപ്പറേഷൻ ലാൽഗഡിന്നോ ഓപ്പറേഷൻ ഗ്രീൻഹണ്ടിന്നോ അതിന്നു സാധിക്കുമെന്ന് കരുതാൻ ന്യായമൊന്നും കാണുന്നില്ല.

(തെഹൽകയിൽനിന്ന് സംഗ്രഹിച്ചത്) ❏

# ഡോ. അംബേദ്കർക്ക് ഹങ്കറിയിൽ ആരാധകർ

**- പ്രദീപ് അത്രി -**

**2**008 ഏപ്രിൽ 14ന്ന് ഇന്ത്യയിലെങ്ങും അംബേദ്കറുടെ ജന്മദിന വാർഷികം ആഘോഷിച്ചുകൊണ്ടിരിക്കെ, അജ്ഞാതനായ ഒരാളിൽനിന്ന് എനിക്കൊരു അഭിനന്ദന സന്ദേശം കിട്ടി. യൂറോപ്യൻ രാജ്യമായ ഹങ്കറിയിലെ ഡെർഡാക് തിബോർ എന്നൊരാളിൽനിന്നുള്ളതായിരുന്നു അത്. "സ്കൂളുകളോ മൂത്രപുരകളോ അമ്പലങ്ങളോ" എന്ന തലക്കെട്ടിൽ ഞാനെഴുതിയിരുന്ന ഒരു ലേഖനത്തെ അഭിനന്ദിച്ചുകൊണ്ടുള്ളതായിരുന്നു സന്ദേശം.

ഓരോ നാൽക്കവലയിലും നമുക്കൊരു ക്ഷേത്രമുണ്ട്; എന്നാൽ മൂത്രപ്പുരയോ വിദ്യാലയമോ ഇല്ല എന്നതായിരുന്നു എന്റെ ലേഖനത്തിന്റെ സാരം. എനിക്കു സന്ദേശമയച്ച തിബോർ ഒരു സാമൂഹ്യ ശാസ്ത്രജ്ഞനാണ്. മുമ്പ് ഹങ്കേറിയൻ പാർലിമെന്റിലെ അംഗമായിരുന്നു. ഇപ്പോൾ റോമാ സമൂഹത്തിന്റെ ഉദ്ധാരണത്തിന്നായി ശ്രമിച്ചുവരുന്നു.

യൂറോപ്പിലെ വെള്ളക്കാർക്ക് റോമകളെ പുഛമാണ്. അവരെ നാടോടികളെന്നു പറഞ്ഞു അധിക്ഷേപിക്കുകയാണ് പതിവ്. റോമകൾ യഥാർത്ഥത്തിൽ ഉത്തരേന്ത്യക്കാരാണ്. അല്പം ഇരുണ്ട നിറവും നാടോടി ജീവിതവുമാണിവർക്കുള്ളത്. ലോകത്തിലാകെ ഒന്നേകാൽ കോടി റോമകളുണ്ട്. ഇതിൽ 80 ലക്ഷവും യൂറോപ്പിലാണ്. യൂറോപ്പിലെ ഏറ്റവും വലിയ ന്യൂനപക്ഷങ്ങളിലൊന്നാണിവർ. വെള്ളക്കാരുടെ നാനാവിധ പീഡനങ്ങൾ സഹിച്ചു കഴിയുന്ന ഇവർ ഹങ്കറിയിൽ ജനസംഖ്യയിൽ ഏഴു ശതമാനം വരും.

എന്നിൽ കൗതുകമുണർത്തിയത് മറ്റൊന്നാണ്. ഡോ. അംബേദ്കറിൽനിന്ന് പ്രചോദനമുൾക്കൊണ്ട് പ്രവർത്തിക്കുന്നവരാണ് തങ്ങളെന്ന് ഡെർഡാക് തിബോർ പറഞ്ഞു. താനും മറ്റൊരു റോമ നേതാവായ ഓർസോസ് ജനോസും ഡോ. അംബേദ്കറുടെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തെ പിൻതുടരുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. റോമക്കാർക്ക് തുല്യാവകാശങ്ങൾ ലഭിക്കുന്നതിന്നുവേണ്ടി സമരം നടത്തിവരികയാണിപ്പോൾ.

> **ത**ങ്ങളുടെ അവകാശങ്ങൾ റാഞ്ചിയെടുത്തവരുടെ മനസ്സാക്ഷിക്കുമുമ്പിൽ കേണതുകൊണ്ടൊന്നും നഷ്ടപപ്പെട്ട അവകാശം വീണ്ടെടുക്കാനാവില്ല; അത് പൊരുതി വീണ്ടെടുക്കണം.
>
> *ഡോ. ബി. ആർ.അംബേദ്കർ*

ഹങ്കറിയിലെങ്ങനെ ഡോ. അംബേദ്കറെത്തി? തിബോർ തന്റെ യാത്രകൾക്കിടയിൽ പാരീസിൽവച്ച് അംബേദ്കറെക്കുറിച്ചുള്ള ഒരു പുസ്തകം വായിച്ചു. അതോടെ തന്റെ മുന്നിൽ പുതിയൊരു ലോകത്തിന്റെ വാതിൽ തുറക്കപ്പെട്ടുവെന്ന് തിബോർ പറയുന്നു. യൂറോപ്പിലെ റോമക്കാരുടേയും ഇന്ത്യയിലെ ദളിതുകളുടേയും സ്ഥിതി സമാനമാണെന്ന് അദ്ദേഹം പറഞ്ഞു.

അംബേദ്കറുടെ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കിയ തിബോറും ജനോസും 2005 ൽ മഹാരാഷ്ട്രത്തിലെത്തി പഠനം നടത്തി. പിന്നീട് 2007 ലും ഇവർ വന്നിരുന്നു. 2007 ൽ ഹങ്കറിയിൽ തിരച്ചെത്തിയ ശേഷം ഇവർ "ജയ് ഭീം നെറ്റ് വർക്ക്" സ്ഥാപിച്ചു; ബുദ്ധമതത്തിൽ ചേർന്നു; ഡോ. അംബേദ്കറുടെ പേരിൽ മൂന്നു ഹൈസ്കൂളുകൾ സ്ഥാപിച്ചു. ഇവർ ഇന്ത്യയിൽനിന്ന് ദളിത് യുവാക്കളെ ക്ഷണിച്ചുവരുത്തി ഹങ്കേറിയൻ റോമക്കാരുമായി ഇടപെടാൻ അവസരമുണ്ടാക്കുന്നുമുണ്ട്. ഈയിടെ ഇത്തരത്തിൽ ഹങ്കറിയിലേക്ക് പോയ ഒരു മൂന്നംഗ പ്രതിനിധി സംഘത്തിൽ ഞാനുമുണ്ടായിരുന്നു. സജോ കാസ എന്ന ഗ്രാമത്തിലെ റോമക്കാരുടെ

---

സമ്മതിക്കുന്നുണ്ട്. "വേറെ എന്താണ് മാർഗ്ഗം? കോൺഗ്രസ്സ് പണക്കാരുടെ കീശയിലാണ്. അവരുടേത് സാമ്രാജ്യത്വ സ്വഭാവമാണ്. ബി.ജെ.പി. ഒരു വർഗ്ഗീയ സംഘടനയാണ്. സമാജ്‌വാദി പാർട്ടിക്ക് ഒരാദർശവുമില്ല, തനി അവസരവാദികളാണ്. ആകെ ഇടതുപക്ഷ കക്ഷികൾക്കു മാത്രമേ പാവങ്ങൾക്കനുകൂലമായ നയങ്ങൾ കാണുന്നുള്ളൂ. തന്മൂലം എനിക്കവരോട് ആഭിമുഖ്യമുണ്ടെന്നത് സ്പഷ്ടമാണ്." എന്ന് പാണ്ഡെ പറയുന്നു.

കഴിഞ്ഞ 20 കൊല്ലമായി മനുഷ്യാവകാശ സംബന്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായി കഴിയുന്ന ആളാണ് സന്ദീപ് പാണ്ഡെ. സർക്കാരിന്റെ മർദ്ദന നയങ്ങൾക്കെതിരായും കൃത്രിമ സംഘട്ടനങ്ങൾക്കെതിരായും പ്രതിഷേധം സംഘടിപ്പിച്ചുവരികയാണദ്ദേഹം എന്നാൽ ഭരണകൂടത്തിന്നെതിരായി തരിമ്പും വിദ്വേഷം പുലർത്താത്ത ആളുമാണദ്ദേഹം.

നക്ഷലിസം സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വൈരുധ്യം നിറഞ്ഞതാണ്. അദ്ദേഹം ഒന്നും മറച്ചുവയ്ക്കുന്നില്ല. കർഷകരെ ഒന്നിച്ചൊരു കുടക്കീഴിൽ കൊണ്ടുവന്ന നക്ഷലുകളെ അദ്ദേഹം പ്രശംസിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം തെരഞ്ഞെടുപ്പുകാലത്ത് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രചരണത്തിന്നിറങ്ങുന്നത്. പക്ഷെ ഒരു ഗാന്ധിയനായ അദ്ദേഹം എല്ലാവിധ അക്രമങ്ങൾക്കും എതിരാണ്.

"ഹൈദരാബാദിൽ ഒരു യോഗത്തിൽ പങ്കെടുക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ ഒരു ലഘുലേഖ വിതരണം ചെയ്യുന്നതു കണ്ടു. അതു നോക്കിയപ്പോൾ എന്നെ "നക്ഷൽ" എന്നു വിശേഷിപ്പിച്ചിരിക്കുന്നതായി കണ്ടു. ഞാനയാളെ ഒരു ചർച്ചക്ക് ക്ഷണിച്ചു. പക്ഷെ അയാൾ ഓടിക്കളഞ്ഞു. വല്ലവരും വല്ലതുമൊക്കെ പറയുന്നതുകേട്ട് ജനങ്ങൾ അതൊക്കെ വിശ്വസിക്കുന്നുവെന്നതാണ് പ്രശ്നം" എന്ന് പാണ്ഡെ പറയുന്നു.

"ഒരാളുടെ രാഷ്ട്രീയ ചായ്‌വിനേയും പ്രത്യയശാസ്ത്രത്തേയും അതിശയോക്തിയോടെ അവതരിപ്പിച്ച് ചീത്തപ്പേരുണ്ടാക്കാനുള്ള ഒരു പ്രവണതയും കാണുന്നുണ്ട്. ഒരാൾ ഒന്നുകിൽ കറുപ്പാകണം; അല്ലെങ്കിൽ വെളുപ്പാകണം. കറുപ്പും വെളുപ്പുമല്ലാത്ത ഒരു നിറമുണ്ടാകാമെന്ന് ആരും സമ്മതിക്കില്ല. പക്ഷെ ഏതു വകുപ്പിൽ പെടുത്തിയാലും ശരി, പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിൽനിന്ന് എന്നെ തടയാൻ ആർക്കുമാവില്ല" എന്ന് സന്ദീപ് പാണ്ഡെ പറഞ്ഞു. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-12-2009

കൂടെ ഞങ്ങൾ ഒരുമാസം താമസിച്ചു.

സജോ കാസ എന്ന മനോഹരമായ ഗ്രാമത്തിലെ ജനസംഖ്യ 3,300 വരും. ഇവരിൽ പകുതി റോമക്കാരാണ്. റോമക്കാരിലധികവും ഗ്രാമാതിർത്തിയിൽ കുടിലുകളിലാണ് താമസിക്കുന്നത്. ഇവരുടെ വീടുകൾക്കടുത്ത് ടാപ്പില്ല; തെരുവുവിളക്കില്ല; ശുചീകരണ സൗകര്യമില്ല. അല്പം അകലെ റോമക്കാരല്ലാത്തവർ ജീവിക്കുന്ന തെരുവുകളിൽ ടാപ്പുണ്ട്; തെരുവുവിളക്കുണ്ട്. ശുചീകരണ സൗകര്യവുമുണ്ട് റോമക്കാരെല്ലാം അടുത്തുള്ള ഖനികളിലെ പണിക്കാരായിരുന്നു. എന്നാൽ ഇപ്പോൾ മിക്കവരും തൊഴിൽ രഹിതരാണ്. ഗവർമ്മേണ്ട് നൽകുന്ന ആശ്വാസ ധനംകൊണ്ടാണവർ നിത്യനിദാന ചെലവുകൾ നടത്തുന്നത്. ഗ്രാമത്തിൽ മൂന്നു പള്ളിയുണ്ട്. എന്നാൽ ഒരു റോമയും പള്ളിയിൽ പോകാറില്ല. ഇന്ത്യയിൽ നിയമപ്രകാരം എല്ലാവർക്കും ക്ഷേത്രപ്രവേശനം അനുവദിച്ചിട്ടുണ്ടെങ്കിലും ദളിതുകളെ മിക്കക്ഷേത്രങ്ങളിലും കടത്താറില്ലല്ലോ. അതുപോലെയാണിതും.

ഹങ്കറിയിൽ വിദ്യാലയങ്ങളിൽ വർണ്ണവിവേചനമുണ്ട്. റോമാകുട്ടികൾക്ക് സ്കൂളിൽ പ്രവേശനം അനുവദിക്കും. പക്ഷെ വെള്ളക്കാരുട കുട്ടികൾക്കൊപ്പം ഇരുത്തില്ല. റോമക്കാരുടെ കുട്ടികൾക്ക് വേറെ ക്ലാസുണ്ട്. വെള്ളക്കാരുടെ കുട്ടികൾ എല്ലാം തികഞ്ഞ ക്ലാസുകളിൽ പഠിക്കുമ്പോൾ റോമക്കാർ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ ക്ലാസുമുറികളാണ് പഠിക്കുന്നത്. ഈ അടുത്തകാലം വരെ റോമക്കാരായ വിദ്യാർത്ഥികൾക്ക് വേറെ കപ്പും പ്ലേറ്റുമാണ് നൽകിവന്നിരുന്നതെന്ന് തിബോർ പറയുന്നു.

റോമക്കാരായ കുട്ടികളെ മന്ദബുദ്ധികൾ എന്ന മുദ്രയടിച്ച് സ്പെഷൽ സ്കൂളിലേക്ക് വിടുന്നത് സർവ്വസാധാരണമാണ്. സ്പെഷൽ സ്കൂളുകളിലെ വിദ്യാർത്ഥികളിൽ 90 ശതമാനവും റോമക്കാരാണെന്നത് ഈ ആരോപണം ശരിയാണെന്ന് തെളിയിക്കുന്നു.

2003 ൽ യൂറോപ്യൻ റോമാ അവകാശകേന്ദ്രം ഹങ്കറിയിൽ ഒരു സർവ്വേ നടത്തുകയുണ്ടായി. സ്കൂളിൽ മാത്രമല്ല ആസ്പത്രികളിലും വർണ്ണവിവേചനമുള്ളതായി കണ്ടെത്തി. റോമക്കാർക്കായി പ്രത്യേകം പ്രസവ വാർഡുള്ള 44 കേസുകൾ ശ്രദ്ധയിൽ പെട്ടു.

വെള്ളക്കാരുടെ ദൃഷ്ടിയിൽ റോമക്കാർ ചതിയന്മാരും, പിച്ചക്കാരും, കള്ളന്മാരും, പോക്കറ്റടിക്കാരും, വൃത്തികെട്ടവരുമെല്ലാമാണ്. പണിയെടുക്കാത്ത മടിയന്മാർ എന്നാണവരെപ്പറ്റിയുള്ള ആക്ഷേപം നാട്ടിലെന്തെങ്കിലും അനിഷ്ട സംഭവമുണ്ടായാൽ പോലീസ് ആദ്യം പിടിക്കുക റോമക്കാരെയാണ്.

റോമക്കാർ അംബേദ്കറെ അനുകരിച്ചു ബുദ്ധമതത്തിൽ ചേർന്നപ്പോൾ അതും പരിഹാസപാത്രമായി. ഈ നാടോടികളെ എങ്ങനെ ബുദ്ധമതം പഠിപ്പിക്കുമെന്നാണവരുടെ ചോദ്യം. യൂറോപ്പിൽ ബുദ്ധമതമെന്നത് ഇടത്തരക്കാരുടെ ഒരു ഹോബി മാത്രമാണ്. സർക്കാർ റോമക്കാർക്ക് ശരിയായ വിദ്യാഭ്യാസം നൽകുന്നില്ല. ഞങ്ങൾ എല്ലാം തികഞ്ഞ വിദ്യാഭ്യാസ സൗകര്യം നൽകുന്നുണ്ടെന്നാണ് ഉത്തരം എന്ന് തിബോർ പറഞ്ഞു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.